
# ശാസ്ത്രത്തിന്റെ — — കുളമ്പടികൾ



കവിയൂർ
ശ്രീധരൻ നായർ

3

# ശാസ്ത്രത്തിന്റെ കുളമ്പടികൾ

48521

കവിയൂർ ശ്രീധരൻനായർ

ശ്രീരാമവിലാസം പ്രസ്സ് & ബുക്ക ഡിപ്പോ
കൊല്ലം

BOOK STALL ... LTD. ... KOTTAYAM

MR
500

## ഉള്ളടക്കം


1. ശാസ്ത്രപുരോഗതിയുടെ കളമ്പടി
2. ശാസ്ത്രം നിത്യജീവിതത്തിൽ
3. ശാസ്ത്രാധിപത്യവും അദ്ധ്യാപകനും
4. ശാസ്ത്രം — ഒരു പുതിയ അദ്ധ്യായം
5. സാംസ്കാരിക നവോത്ഥാനത്തിൽ ഗ്രന്ഥശാലകൾക്കുള്ള പങ്ക്
6. മനുഷ്യബന്ധങ്ങൾ പ്രതിക്കൂട്ടിൽ
7. ജീവിതപൂർണ്ണിമയിൽ കായികാഭ്യാസത്തിനുള്ള പങ്ക്
8. ഗോളാന്തര പരിഷ്കാരഗതി

# ശാസ്ത്രത്തിന്റെ
# കുളമ്പടികൾ

Malayalam.

SASTHRATHINTE KULAMBADIKAL.

By Kaviyoor Sreedharan Nair

Publishers:

Sree Rama Vilasam Press and Book Depot. Quilon.

Copy right to S. R. V. Press.

1st Edition Copies 1000.

Printed at MUNNANI PRESS, ALLEPPEY.

1970

Price Re. 1-00

# ശാസ്ത്രപുരോഗതിയുടെ കുളമ്പടി

[ആശയങ്ങളും സങ്കല്പനങ്ങളും പോലും ഇന്നു് ഒരു രാജ്യത്തുനിന്നും മറെറാരു രാജ്യത്തേയ്ക്കു് ശീഘ്രമായി സഞ്ചരിച്ചുവരുകയാണു്. പതിനെട്ടാം നൂററാണ്ടിന്റെ അന്ത്യത്തിൽ ഫ്രാൻസിൽ അലയടിച്ചുയർന്ന സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന ആശയം ആഗോള ചലനങ്ങൾ സൃഷ്ടിച്ചുകൊണ്ടു് ലോകമൊട്ടാകെ സഞ്ചരിച്ചു. എന്നുതന്നെയല്ല സ്വാതന്ത്ര്യവും സാമൂഹ്യനീതിയും ധ്രുവനക്ഷത്രങ്ങളായി സങ്കല്പിച്ചുകൊണ്ടുള്ള ജനാധിപത്യ സോഷ്യലിസത്തിന്റെ നിറം പിടിച്ച ഭാവനകളെ യാഥാർത്ഥ്യമാക്കുമാറു് ചിന്താസ്വാതന്ത്ര്യത്തിന്റേയും സാമൂഹ്യ സാമ്പത്തിക നീതികളുടേയും, ആക്കം വർദ്ധിപ്പിക്കുന്നതിനും ഈ ആശയങ്ങൾ പ്രേരണ നൽകി.]

മനുഷ്യവർഗ്ഗം ഇന്ന് അതിശക്തമായ ഒരു പരിഷ്കരണ വിപ്ലവത്തിന് വിധേയമായിക്കൊണ്ടിരിക്കയാണെന്ന് ചിന്താബോധമുള്ളവരെല്ലാം സമ്മതിക്കുകതന്നെ ചെയ്യും. ഏതാണ്ട് പതിനായിരത്തോളം വർഷങ്ങൾക്കുമുൻപ് കൃഷിസൗകര്യങ്ങൾ കണ്ടുപിടിച്ചതിനെ തുടർന്നുണ്ടായ മഹാ പരിവർത്തനങ്ങളേക്കാൾ പ്രാധാന്യമുള്ള ഒരു പരിഷ്കരണവിപ്ലവത്തിൽക്കൂടി മാനവവംശം കടന്നുപോവുകയാണ്. ശാസ്ത്രീയ കണ്ടുപിടുത്തങ്ങളും സാങ്കേതിക വിദ്യകളും പരസ്പരം മത്സരിച്ച് മുന്നേറിക്കൊണ്ടിരിക്കുന്നു. സാങ്കേതിക വിപ്ലവം മനുഷ്യവർഗ്ഗത്തിന്റെ സർഗ്ഗശക്തി വർദ്ധിപ്പിച്ചിട്ടുണ്ട്. പക്ഷേ, നന്മയ്ക്കും നാശത്തിനും ഒരുപോലെ അതുപയോഗപ്പെടുന്നുവെന്നുമാത്രം. ഒന്നുകിൽ സ്വയം ചിന്നിച്ചിതറി സർവ്വനാശം സംഭവിക്കുന്നതിലോ, അല്ലെങ്കിൽ മാനവവംശത്തിനാകെ ശാശ്വതമായ ഭദ്രതയും ക്ഷേമവും നേടുന്നതിലോ ഉള്ള ശക്തി സംഭരിച്ചു നില്ക്കുകയാണിന്നു മനുഷ്യവർഗ്ഗം.

നാം കഴിക്കുന്ന ആഹാരവും, നമ്മുടെ വസ്ത്രങ്ങളും നമ്മൾ താമസിക്കുന്ന വീടുകളും, നാമൊക്കെ വായിക്കുന്ന പുസ്തകങ്ങളും, പത്രങ്ങളും, നമ്മളുപയോഗിക്കുന്ന ഔഷധങ്ങളും, നാം കളിക്കുന്ന കളികളും, സഞ്ചാരത്തിനുപയോഗിക്കുന്ന തീവണ്ടിയും വിമാനവും മററു വാഹനങ്ങളും, നമ്മളയയ്ക്കുന്ന എഴുത്തുകളും, കമ്പികളും, ഫോൺ സന്ദേശങ്ങളും എല്ലാം തന്നെ ശാസ്ത്രവും സാങ്കേതിക ജ്ഞാനവും ആധുനിക ജീവിതത്തെ

എത്രകണ്ട് സ്വാധീനിച്ചുവെന്നുള്ളതിന് സ്പഷ്ടമായ തെളിവുകളാണ്. ഉൽപ്പാദനപ്രക്രിയയിൽ മനുഷ്യ ശക്തികളുടെ സ്ഥാനത്ത് യാന്ത്രിക ഊർജ്ജം ഉപയോഗിക്കുകവഴി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു പുറമേ ജോലിയിലേർപ്പെട്ടിരിക്കുന്നവർക്ക് കൂടുതൽ വിശ്രമം പ്രദാനം ചെയ്യുന്നതിനും ഉപകരിക്കുന്നുണ്ട്. റേഡിയോ, ടെലിവിഷൻ, സിനിമ തുടങ്ങിയ ശ്രാവ്യ-ദൃശ്യോപകരണങ്ങൾ മുഖേനയും അച്ചടി യന്ത്രങ്ങളുടെ പുരോഗതിമൂലവും കൂടുതൽ ജനവിഭാഗങ്ങളിലേയ്ക്ക് വിജ്ഞാനം കടന്നുചെല്ലുന്നതിന് സൗകര്യപ്പെട്ടിരിക്കുകയാണ്. അതുപോലെ തീവണ്ടിയും മോട്ടോർകാറും, വിമാനവും വിദൂരസ്ഥലങ്ങളിലേയ്ക്കുള്ള യാത്രയ്ക്കും വിവിധ ജനവിഭാഗങ്ങൾ തമ്മിലുള്ള പരസ്പര ബന്ധത്തിനും ആശയവിനിമയത്തിനും സാഹചര്യങ്ങൾ സൃഷ്ടിച്ചിരിക്കുന്നു.

ആശയങ്ങളും, സ്ഥാപനങ്ങളും പോലും ഇന്ന് ഒരു രാജ്യത്തുനിന്നും മറെറാരു രാജ്യത്തേയ്ക്ക് ശീഘ്രമായി സഞ്ചരിച്ചു വരികയാണ്. പതിനെട്ടാം നൂററാണ്ടിൻെറ അന്ത്യത്തിൽ ഫ്രാൻസിൽ അലയടിച്ചുയർന്ന സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന ആശയം ആഗോളചലനങ്ങൾ സൃഷ്ടിച്ചുകൊണ്ട് ലോകമൊട്ടാകെ സഞ്ചരിച്ചു. എന്നുതന്നെയല്ല, സ്വാതന്ത്ര്യവും സാമൂഹ്യനീതിയും ധ്രുവനക്ഷത്രങ്ങളായി സങ്കൽപ്പിച്ചുകൊണ്ടുള്ള ജനാധിപത്യ സോഷ്യലിസത്തിൻെറ നിറംപിടിച്ച ഭാവനകളെ യാഥാർത്ഥ്യമാക്കുമാറ് ചിന്താസ്വാതന്ത്ര്യത്തിൻേറയും സാമൂഹ്യ സാമ്പത്തിക നീതികളു

ടേയും ആക്കം വർദ്ധിപ്പിക്കുന്നതിനും ഈ ആശയങ്ങൾ പ്രേരണനൽകി. മഹാത്മാഗാന്ധി ആവിഷ്ക്കരിച്ച അഹിംസാ സിദ്ധാന്തം അങ്ങകലെ അമേരിക്കയിൽ ഗണനീയമായ സ്വാധീനം നേടി. മാർട്ടിൻലൂതർകിംഗിന്റെ രക്തസാക്ഷിത്വത്തിൽ കലാശിച്ച നീഗ്രോകളുടെ സ്ഥിതിസമത്വസമരം അഹിംസാധിഷ്ഠിതമായിരുന്നു. ഗാന്ധിയൻ സമരപരിപാടികൾ നീഗ്രോകൾക്കാലംബമായിരുന്നു. അതുപോലെ ബ്രിട്ടനിൽനിന്നും കടമെടുത്തതാണു് ഇന്ത്യയിലെ പാർലമെന്ററി ഡെമോക്രസി. ജോൺസ്റ്റുവർട്ടുമില്ലിന്റെ ഗ്രന്ഥങ്ങൾ വായിച്ചും ബ്രിട്ടനിലെ പാർലമെൻററി സ്ഥാപനങ്ങളുടെ പ്രവർത്തനം നേരിട്ടു കണ്ടു പഠിച്ചും ബ്രിട്ടീഷ് സാമ്പ്രദായങ്ങളുമായി ബന്ധപ്പെട്ടുമാണു് ഇവയൊക്കെ വശമാക്കിയതെന്നു് പലപ്പോഴും വിസ്മരിച്ചുപോകാറുണ്ടു്.

ഗതാഗതത്തിന്റെയും, വാർത്താവിനിമയത്തിന്റെയും സൗകര്യങ്ങൾ വർദ്ധിച്ചതോടെ അന്താരാഷ്ട്ര വാണിജ്യവും, ഗണ്യമായി അഭിവൃദ്ധിപ്പെട്ടിരിക്കുകയാണു്. ഇപ്പോൾ കണ്ടുപിടിക്കപ്പെട്ടിരിക്കുന്ന ഇലക്ട്രോണിക് സമ്പ്രദായങ്ങളും കമ്പ്യൂട്ടറിംഗ് മെഷീനുകളും വാണിജ്യത്തിലും ഗവേഷണത്തിലും മെഡിക്കൽ സയൻസിലും ഗണ്യമായ നേട്ടങ്ങൾക്കു് സഹായകമാവുന്നുണ്ടു്. സർവ്വോപരി മനുഷ്യൻ ചന്ദ്രന്റെ ഭ്രമണപഥത്തിൽ ഉല്ലാസയാത്ര നടത്തുകയും സ്പെയിസ്സ് കീഴടക്കുകയും ചന്ദ്രഗോളത്തിൽ കാലുകുത്തുകയും ചെയ്തിരിക്കയാണു്. വിജ്ഞാനമേഖലയിലും നിത്യോപയോഗ

രംഗത്തും ശാസ്ത്രം പുതിയ പുതിയ കാൽവെയ്പുകൾ നട ത്തിക്കൊണ്ടിരിക്കുന്നു. അങ്ങിനെ ശാസ്ത്രത്തിലും സാ ങ്കേതിക വിദ്യയിലും വളരെയധികം പുരോഗതി ഉണ്ടാ യിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാ മിപ്പോൾ കടന്നുപോകുന്നത്.

ഇന്നത്തെ ശാസ്ത്രീയ യുഗത്തിൽ ശാസ്ത്രത്തെ ആധാരമാക്കിക്കൊണ്ടുള്ള ദേശീയനയങ്ങളും ശാസ്ത്രാധി ഷ്ഠിത പ്രവത്തനങ്ങളുംമുഖേന മാത്രമേ രാജ്യപുരോഗതി ഉണ്ടാവൂവെന്ന് സ്പഷ്ടമായിരിക്കയാണ്. ലോകരാഷ്ട്ര ങ്ങളുടെ പന്തിയിൽ ഏഷ്യൻ രാജ്യങ്ങൾക്കും പ്രത്യേ കിച്ചു ഭാരതത്തിനും എന്ത് ശാസ്ത്രീയ നേട്ടങ്ങളുണ്ടാ ക്കാൻ കഴിഞ്ഞുവെന്നുള്ളതാണ് നമ്മെ ചിന്തിപ്പിക്കുന്ന പ്രശ്നം. എന്തായാലും ശാസ്ത്രം മേലിൽ ഒരു ന്യൂനപ ക്ഷത്തിൻെറ പരിശിഷ്ടമായിക്കൂടായെന്ന് ധാരണയു ണ്ടായിട്ടുണ്ട്. വികസനോന്മുഖമായ ശാസ്ത്രീയ പ്രവർ ത്തനങ്ങളിൽ ഏഷ്യൻ രാജ്യങ്ങൾക്കിടയിൽ കൂടുതൽ സഹകരണം വേണമെന്നും ബോദ്ധ്യമായിരിക്കയാണ്. ശാസ്ത്രീയവീക്ഷണഗതി സാമാന്യജനങ്ങളിലേക്ക് വ്യാ പിപ്പിക്കുകയാണ് അടിയന്തിരപ്രാധാന്യമുള്ള കാര്യം. ബുദ്ധിജീവികളേയും സാമാന്യജനങ്ങളേയും ഒന്നുപോലെ ആശ്ലേഷിക്കത്തക്കവണ്ണം ശാസ്ത്രം സമൂഹത്തിലേയ്ക്കു് ആഴ്ന്നിറങ്ങേണ്ടിയിരിക്കുന്നു. ഇതുവരെ പാരമ്പര്യ ത്തിന്റെ നാലതിരുകൾക്കുള്ളിൽ അടച്ചുകിടന്ന ഏഷ്യ യിൽ പുതിയ പ്രവണതകൾ രൂപമെടുക്കുകയും അ

ടഞ്ഞ വാതിലുകൾ തുറന്നു തുടങ്ങുകയും ചെയ്തിരിക്കുന്നതു് ശുഭസൂചകമായിട്ടുണ്ടു്.

ശാസ്ത്രീയസമിതികളുടെ തീരുമാനങ്ങൾക്കെല്ലാമടിസ്ഥാനമായി ശാസ്ത്രബോധം ഉണ്ടായിരുന്നാൽ മാത്രം പോരാ, സാമൂഹ്യപുരോഗതിക്കുള്ള അവയുടെ പ്രായോഗികതയും ജനസാമാന്യത്തിന്നു് അവ പ്രയോജനപ്പെടുത്താനുള്ള കഴിവും കണക്കിലെടുക്കേണ്ടതാണു്. സാമ്പത്തിക പുരോഗതിക്കു് ശാസ്ത്രത്തെ പൂർണ്ണമായി ഉത്തരവാദിയാക്കുന്നതിലർത്ഥമില്ല. സമൂഹമൊന്നാകെത്തന്നെ പുതിയ പ്രവണതകളുൾക്കൊള്ളാൻ സജ്ജമാക്കുകയും ശാസ്ത്രസിദ്ധികളുടെ പ്രായോഗികത സുഗമമാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. സാമൂഹ്യവും മററുമായ പല പരിഗണനകളുമടങ്ങിയ അനുയോജ്യ സാഹചര്യങ്ങൾ രാജ്യപുരോഗതിയ്ക്കു ശാസ്ത്രം പ്രയോഗിക്കുന്നതിന്നു് മുന്നോടിയായി രൂപപ്പെടേണ്ടിയിരിക്കുന്നു. എല്ലാ സമൂഹ വിഭാഗങ്ങളുടേയും വീക്ഷണഗതികൾ പാടേ പരിവർത്തിപ്പിക്കുകയും അന്ധതയുടെ അഗാധതലത്തിൽനിന്നും ജനവിഭാഗങ്ങളെ പൊക്കിയെടുക്കാനുപകരിക്കുന്ന ശാസ്ത്രീയവിദ്യാഭ്യാസം സാർവ്വത്രികമാക്കുകയും ചെയ്യുന്നതോടുകൂടി മാത്രമേ ശാസ്ത്രം യഥാർത്ഥത്തിൽ ജനസേവനത്തിനുള്ള ഉപകരണമായിത്തീരുകയുള്ളൂ. തൊഴിലുചെയ്യുന്ന സാമാന്യജനങ്ങളുടെയെല്ലാം കൈ പിടിയിലൊതുങ്ങി അനായാസേന പ്രയോഗിക്കാവുന്ന സാങ്കേതിക വിദ്യകളാണിന്നാവശ്യം. അങ്ങനെയാവുമ്പോൾ സാമൂഹ്യനന്മയ്ക്കുടിയന്തിരമായി വേണ്ടുന്ന

വികസന പ്രവർത്തനങ്ങൾ നിർണ്ണയിക്കുകയും ശാസ്ത്രീയ വിജ്ഞാനവും ഗവേഷണവും ആ വകയ്ക്കായി വിനിയോഗിക്കുകയും ചെയ്യേണ്ടതാണ്. അതിനായി നമ്മുടെ രാജ്യത്ത് ഒരു ദേശീയ-ശാസ്ത്രീയ നയംതന്നെ ആവിഷ്കരിക്കുകയും പ്രായോഗികതയ്ക്ക് മുൻതൂക്കം കൊടുത്തുള്ള മുൻഗണനാപദ്ധതി രൂപപ്പെടുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു.

യുണെസ്കോയുടെ ആഭിമുഖ്യത്തിലും സഹായത്തിലും ശാസ്ത്രാഭ്യാസനം സമത്ഥമായി ആധുനികരീതികളനുസരിച്ച് നിർവ്വഹിക്കാൻ പററിയ സമിതികളുണ്ടാവേണ്ടതാണ്. ഇക്കാര്യത്തിൽ അവികസിത രാജ്യങ്ങൾക്ക് കൂടുതൽ സഹായ ധനവും കിട്ടേണ്ടതാണ്. അതുപോലെ ഇതു സംബന്ധിച്ച പ്രവർത്തനങ്ങളിൽ മേഖലാപരമായ സഹകരണം സജീവമായി വേണ്ടിയതാണ്. കൂടാതെ ഏഷ്യൻ രാജ്യങ്ങളിലെ ക്രമാധികമായുള്ള പ്രകൃതിവിഭവങ്ങളുടെ അഭിവൃദ്ധിയ്ക്ക് സഹായകമായ ഗവേഷണ പ്രൊജക്ടുകൾ യുനെസ്കോയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കേണ്ടിയിരിക്കുന്നു. ഏഷ്യൻ രാജ്യങ്ങൾക്കു പൊതുവായ ഒരു വിഷമപ്രശ്നമുണ്ട്-തൊഴിൽ ചെയ്യാൻ തയ്യാറുള്ള വേണ്ടതിലധികം ജനങ്ങൾ. വളരെ ബുദ്ധിമുട്ടിയാലും മതിയായ ഭക്ഷണത്തിനോ ജീവിതനിലവാരം ഉയർത്തുന്നതിനോ ആവശ്യമായ ഉല്പന്നങ്ങൾ ഉണ്ടാക്കാൻ ഈ ജനങ്ങൾക്കു കഴിയുന്നില്ല. ഈ വൻ കരയുടെ സാമ്പത്തിക പുരോഗതി പ്രധാനമായും രണ്ട് കാര്യങ്ങളെയാണ് ആശ്രയിക്കുന്നതു്.

ഒന്നു, ജനസംഖ്യയുടെ അതിവേഗത്തിലുള്ള വർദ്ധനവു നിയന്ത്രിക്കുക; രണ്ടു്, ജനങ്ങളുടെ ജീവിതനിലവാരം കനത്ത ദാരിദ്ര്യം മൂലം തെല്ലും ഉയരാതെ പോകുന്നെന്ന വിപത്തു് ഒഴിവാക്കത്തക്കവിധം ഓരോ രാജ്യത്തിലേയും മൊത്തം ഉല്പാദനം വർദ്ധിപ്പിക്കുക. ഇവയ്ക്കു് സഹായകമാകുമാറു് ഏഷ്യയുടെ വികസനത്തിനായി ശാസ്ത്രവും സാങ്കേതികവിജ്ഞാനവും ഏതു തരത്തിൽ ഉപയോഗപ്പെടുത്താൻ കഴിയുമെന്നു് നിർദ്ദേശിക്കാൻ അന്താരാഷ്ട്രസംഘടനകൾ തയ്യാറാവുകതന്നെ വേണം.

ഇന്ത്യയിലിന്നോളം ശാസ്ത്രത്തിലൂടെ എന്തു പുരോഗതി നേടാൻ കഴിഞ്ഞുവെന്നുള്ളതു് പഠനാർഹമായ കാര്യമാണു്. സ്വാതന്ത്ര്യലബ്ധിക്കുശേഷം, ഭക്ഷ്യോല്പാദനം 60 ശതമാനത്തോളം വർദ്ധിച്ചുവെന്നതു് ജനസംഖ്യയുടെ വർദ്ധനവുകാരണം അറിയപ്പെടാതിരിക്കയാണു്. വ്യാവസായികോല്പാദനം ഇരട്ടിയോളം വദ്ധിച്ചിട്ടുണ്ടു്. വൈദ്യുതോല്പാദനത്തിലും ഉരുക്കു നിർമ്മാണത്തിലും ഗണ്യമായനേട്ടമാണുള്ളതു്. കൂടാതെ, ട്രോംബയിലുള്ള അറ്റോമിക് എനർജി സ്റ്റേഷൻെറ വികസനം മൂലവും അതുപോലെ താരാപ്പൂർ, റാണാപ്രതാപസാഗർ, കൽപ്പാക്കം തുടങ്ങിയ പുതുതായി സ്ഥാപിക്കുന്ന സ്റ്റേഷനുകളിലെ പ്രവത്തനം മൂലവും വൈദ്യുതിയുടെ ഉൽപ്പാദനം ഇന്നത്തെ വ്യവസായത്തിനും കൃഷിക്കും മതിയാവോളമുണ്ടാവുമെന്നു ന്യായമായും പ്രതീക്ഷിക്കാം. അറ്റോമിക് എനർജി മുഖേന ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുപയോഗിച്ചു് സമുദ്രത്തിലെ വെള്ളം

ലവണരഹിതമാക്കി ജലസേചനത്തിന്ന സൗകര്യമുണ്ടാക്കാനും ഭൂഗർഭജലസംഭരണത്തിൽനിന്നും വെള്ളം പമ്പു ചെയ്തു വിടുന്നതിനും മററും ശ്രമങ്ങൾ നടന്നുവരികയാണ്. അതുപോലെ, ട്രോമ്പേയിൽ നടത്തുന്ന ഗവേഷണങ്ങളുടെ ഫലമായി അററാമിക് എനർജിയിൽ നിന്നുണ്ടാകുന്ന റേഡിയേഷൻ മുഖാന്തിരം ധാന്യോല്പാദന വർദ്ധനവിനും, ഭക്ഷ്യോല്പാദനസംഭരണത്തിൽ നാശനഷ്ടങ്ങൾ ഒഴിവാക്കുന്നതിനും സാധിക്കുമെന്നു തെളിയിച്ചിട്ടുണ്ട്. ന്യൂക്ലിയർ റിയാക്ടേർസിലുണ്ടാവുന്ന വിവിധ ഐസോടോപ്പ്സ് വിനിയോഗിച്ച് അസംഖ്യം സുഖക്കേടുകൾ തിരിച്ചറിയുന്നതിനും അവ ചികിത്സിക്കുന്നതിനും സാധിച്ചുവരുന്നുണ്ട്.

സാങ്കേതിക പരിശീലനം ശാസ്ത്രീയ ഗവേഷണത്തിൻെറ ഒത്താശയോടെ ഫലപ്രദമായി നടന്നുവരികയാണ്. ശാസ്ത്ര-വ്യവസായ ഗവേഷണ സമിതിയുടെ നിയന്ത്രണത്തിൽ നാല്പതിൽപരം ദേശീയ ലാബറട്ടറികൾ സാമ്പത്തിക-വ്യാവസായിക മേഖലകളിലെ അടിസ്ഥാനപ്രമാണങ്ങളേയും പ്രയോഗങ്ങളേയും പററി സമഗ്രമായ ഗവേഷണം നടത്തിവരുന്നുണ്ട്. 1965 ആഗസ്റ്റിൽ സ്ഥാപിച്ച ആദ്യത്തെ ന്യൂക്ലിയർ റീയാക്ടറോടുകൂടി ഇന്ത്യ ആററം യുഗത്തിലേയ്ക്ക് കാലെടുത്തു കുത്തിക്കഴിഞ്ഞു. പൊതുജനാരോഗ്യ പ്രവത്തനങ്ങളും ആധുനിക ഔഷധസൗകര്യങ്ങളും വന്നതോടെ മരണനിരക്ക് ആയിരത്തിന് 25-ൽ നിന്നും 16-ലേക്ക് താഴുകയും, ജീവിത ദൈർഘ്യം 32 ൽനിന്നു് 50 വർഷമായി ഉയ

ങ്കകയും ചെയ്തിരിക്കുന്നു. ആറായിരത്തില്പരം ആശുപത്രികളും എണ്ണായിരത്തോളം ശിശുക്ഷേമകേന്ദ്രങ്ങളും 5200-ഓളം റൂറൽ ഹെൽത്തു സെൻററുകളും കൂടതലായി ആരംഭിക്കാൻ ഇടയായതു് സാധാരണക്കാർക്കു് വളരെ സഹായകമായിട്ടുണ്ടു്. വൈദ്യുതിയുൽപ്പാദനത്തിൻെറ കഴിവ് 1966-ൽ 23 ലക്ഷം കിലോവാട്ട്സിൽനിന്നും 100 ലക്ഷം കിലോവാട്ട്സായി വർദ്ധിക്കയും അടുത്ത അഞ്ചു വർഷത്തിനുള്ളിൽ 200 ലക്ഷം കിലോവാട്ട്സായി വർദ്ധിക്കുന്നതിന്നു് സാദ്ധ്യത തെളിയുകയും ചെയ്തിട്ടുണ്ടു്. ഏതാണ്ടു് 25 നദീതടപദ്ധതികളുടെ പ്രവർത്തനം പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഏതാണ്ടു് 55000 ഗ്രാമങ്ങളും നഗരങ്ങളും വൈദ്യുതീകരിക്കപ്പെട്ടിരിക്കുകയുമാണു്. ആസ്സാമിലും ഗുജറാത്തിലും പുതിയ എണ്ണഖനികൾ കണ്ടുപിടിക്കപ്പെട്ടതോടുകൂടി 1951-ലെ 60000 ടൺ ക്രൂഡോയിലിന്റെ സ്ഥാനത്തു് 1966-ൽ 50ലക്ഷം ടൺ ഉല്പാദിപ്പിക്കപ്പെടുന്നു. 6 എണ്ണ ശുദ്ധീകരണശാലയുടെ സ്ഥാപനത്തോടുകൂടി 120 ലക്ഷം ടൺ എണ്ണ ശുദ്ധീകരിക്കത്തക്ക സാദ്ധ്യതയുണ്ടായിക്കഴിഞ്ഞിരിക്കുന്നു. ഉരുക്കുവ്യവസായവും തീവണ്ടിനിർമ്മാണവും ഗൃഹോപയോഗസാധന നിർമ്മിതിയും ഔഷധ വ്യവസായങ്ങളും ഇന്ത്യൻ നിർമ്മാതാക്കളുടെ കൈപ്പിടിയിലായിക്കഴിഞ്ഞിരിക്കയാണു്. ജനസംഖ്യയിൽ രണ്ടരശതമാനം വീതമുള്ള വാർഷിക വർദ്ധനവു് ഏതാണ്ടു് 120 ലക്ഷം ജനങ്ങളുടെ വർദ്ധനവ് വർഷംതോറും ഉണ്ടാക്കുന്നുണ്ടു്. ഇതുമൂലം ഭക്ഷ്യോല്പാദനരംഗം നന്നേ നിരാശയിലാണിന്നു്.

ഇപ്രകാരം ശാസ്ത്രത്തിൻേറയും സാങ്കേതിക വിജ്ഞാനത്തിന്റേയും വികസനം മൂലം സമൂഹത്തിനാകെ വമ്പിച്ച പുരോഗതിയുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും നമ്മുടെ വ്യവസായികൾ ഇനിയും ഗവേഷണത്തിന്റെപ്രാധാന്യം വേണ്ടപോലെമനസ്സിലാക്കിയിട്ടില്ല. വ്യവസായികളേയും ശാസ്ത്രജ്ഞരേയും കൂട്ടിയോജിപ്പിക്കേണ്ടിയിരിക്കുന്നു. വ്യവസായികളുടെ പണവും ശാസ്ത്രജ്ഞന്മാരുടെ തലയും പരസ്പരചൂഷണം കൂടാതെ വേണ്ടപോലെ ഉപയോഗിക്കേണ്ടതുണ്ട്. പ്രേരണയും, പ്രോത്സാഹനവുമാണ് നാട്ടിൽനിന്നു് നമ്മുടെ ശാസ്ത്രജ്ഞന്മാർക്കു് ലഭിക്കേണ്ടതു്. വ്യവസായ ഗവേഷണത്തിൽ വ്യവസായശാലകൾ ശരിയായ പങ്കുവഹിക്കേണ്ടതാണ്. ഗവേഷണത്തിനു് പണവും അതിലധികമായി സാവകാശവും വേണം. നമ്മുടെ ആവശ്യങ്ങളും സാഹചര്യങ്ങളുമായി ബന്ധപ്പെടുത്തിയുള്ള ശാസ്ത്രീയ ഗവേഷണമാണ് വേണ്ടിയതു്. മറെറാരു പ്രധാന കാര്യം ബഹുജനാവശ്യം നിറവേററിക്കൊണ്ടു് കർഷകരും മററും തുണ ചെയ്യത്തക്കവണ്ണം ചെറുതരം യന്ത്ര നിർമ്മാണത്തിനു് വേണ്ടി സാങ്കേതിക വിജ്ഞാനം എന്തുകൊണ്ടു് ഉപയോഗിച്ചുകൂടാ എന്നുള്ളതാണ്. വൻകിട ഫാക്ടറികളുടെ വലയത്തിൽനിന്നും ശാസ്ത്രത്തേയും സാങ്കേതിക വിദ്യയേയും രക്ഷപെടുത്തി ബഹുജനഹിതാനുസാരിയാക്കിക്കൂടേയെന്നതാണ് പ്രശ്നം. മറെറാന്നു ശ്രദ്ധിക്കാനുള്ളതു്, ലക്ഷക്കണക്കിനു് തൊഴിൽ സന്നദ്ധതയുള്ള രാജ്യത്തു് അദ്ധ്വാനലാഭ യന്ത്രങ്ങ

ളുടെ പ്രവത്തനം ഗുണകരമോ എന്നുള്ളതാണ്. തൊഴിൽ രഹിതർ അസംഖ്യമുള്ളപ്പോൾ ശാസ്ത്രലക്ഷ്യം തൊഴിലും ആഹാരവും നൽകിക്കൊണ്ട് വ്യാവസായിക നേട്ടങ്ങളുണ്ടാക്കുകയെന്നതാവണം. അതിനു യോജിച്ച സാങ്കേതികവിദ്യകളുടെ പ്രയോഗമാണാവശ്യം. ശാസ്ത്രീയ കൃഷിയും, വൻകിട വ്യവസായവും, ചെറുകിട വ്യവസായവും തമ്മിൽ ക്രമമായി ബന്ധപ്പെടുത്തുകയും മൂലധനലക്ഷ്യമുള്ള സാങ്കേതിക വിദ്യയുടെ സ്ഥാനത്ത് തൊഴിൽ ലക്ഷ്യമുള്ള ശാസ്ത്രീയ രീതികൾ അവലംബിക്കുകയും ചെയ്യുന്ന പുതിയ സാങ്കേതികമാറ്റങ്ങൾ കണ്ടുപിടിച്ച് ഉചിതമായി പ്രയോഗിക്കേണ്ടിയിരിക്കുന്നു. അതുപോലെ തന്നെ ശാസ്ത്രീയ വീക്ഷണഗതികളും യുക്തിസഹമായ അപഗ്രഥനശീലവും ബഹുജനങ്ങളിലുണ്ടാവുന്നതിനുള്ള തീവ്രയത്ന പരിപാടികൾ വിനാവിളംബം നടപ്പാക്കേണ്ടിയിരിക്കുന്നു. ശാസ്ത്രയുഗത്തിനു പററിയ വിധം ഭരണയന്ത്രമാകെത്തന്നെ പുനഃസംവിധാനം ചെയ്യുകയെന്നുള്ളതാണ് മൗലിക പ്രാധാന്യമർഹിക്കുന്നത്.

# ശാസ്ത്രം നിത്യജീവിതത്തിൽ

ജ്ഞാനവിജ്ഞാനസമ്പന്നനായ മനുഷ്യന്റെ സർഗ്ഗാത്മകമായ പ്രതിഭാവിലാസം കുതിച്ചു മുന്നേറുന്ന ശ്രേയസ്കരമായ ഒരു കാലഘട്ടമാണിതു്. ഭൗതികവിജ്ഞാനത്തിന്റെ നാനാമണ്ഡലങ്ങളിലും മനുഷ്യന്റെ ഫലഭൂയിഷ്ഠമായ മസ്തിഷ്കം അനുനിമിഷം അത്ഭുതങ്ങൾ സൃഷ്ടിച്ചുവരികയാണു്. വായുമണ്ഡലത്തെയും അതിക്രമിച്ചു കടന്നു് ശൂന്യാകാശവിഹാരിയായി തീർന്നിരിക്കുന്ന മനുഷ്യൻ ഇന്നു് അവന്റെ സൃഷ്ടാവിന്റെ അത്ഭുതരചനയായ ബ്രഹ്മാണ്ഡത്തിന്റെ ഏതു കോണിലുമെത്തിച്ചേരുക മാത്രമല്ല, അവയെ കീഴടക്കാൻതന്നെ തുടങ്ങിയിട്ടുണ്ടെന്നുള്ളതു് അതിശയോക്തിയൊന്നുമല്ല. പരാവയവസംയോജനം ഇന്നു് ഡാക്ടറന്മാർക്കു് ഒരു കുട്ടിക്കളിയായി തീർന്നിരിക്കുന്നു. ഏററവും ദുർഘടാവയവമായ ഹൃദയം ഒരു വ്യക്തിയിൽനിന്നും അന്യനിലേക്കു് വിജയകരമായി സന്നിവേശിപ്പിക്കാമെന്നു് വന്നിട്ടുണ്ടല്ലോ. മനുഷ്യഹൃദയവും, ശ്വാസകോശങ്ങളും, വൃക്കയും മററും സ്പെയർപാർട്ടുകളായി ലഭിക്കുന്ന കാലം അത്ര വിദൂരത്തല്ലതാനും.

ജരാനരകളും, വാർദ്ധക്യവും മാററി മനുഷ്യശരീരത്തിൻെറ യൗവ്വനം നിലനിർത്താൻ സഹായിക്കുന്ന ഒരു യന്ത്രം താൻ കണ്ടുപിടിച്ചതായി പഞ്ചാബിലെ ഡോ: സോഹൻസിങ് അവകാശപ്പെടുകയുണ്ടായി. യൗവ്വനത്തിൻെറ പുനരാഗമം അദ്ദേഹത്തിൽ ദൃശ്യമായിട്ടുണ്ടെന്നാണ് റിപ്പോർട്ട്. ക്ഷയിച്ചുവരുന്ന ശരീരത്തിലെ സെല്ലുകളെ പുനർജ്ജീവിപ്പിച്ച്, ജീർണ്ണപ്രായങ്ങളായ അവയവങ്ങളെ വീണ്ടും നവീകരിക്കുന്ന രസായന ചികിത്സ ആയുർവ്വേദത്തിൻെറ മഹത്തായ സംഭാവനയാണ്. ഒരു നായുടെ ഹൃദയം മാററിയെടുത്ത് പതിന്നാലു മണിക്കൂർ വരെ ഭദ്രമായി സൂക്ഷിക്കാവുന്ന ഒരു യന്ത്രം കണ്ടുപിടിച്ചിട്ടുള്ളതായി ക്യാനഡായിലെ മാക്ഗിൽ സർവ്വകലാശാലയിലെ ഡോ; സിൽവിയൻ പീററ്സെൽ അവകാശപ്പെട്ടിരിക്കുന്നു. അതിനെ തുടന്ന് മനുഷ്യഹൃദയംതന്നെ കുറെക്കാലം സൂക്ഷിച്ചുവയ്ക്കാറാക്കാമെന്നും അദ്ദേഹം ഉറപ്പായി പറയുന്നു. ആന്തരവും, ബാഹ്യവുമായി ഔഷധപ്രയോഗങ്ങൾ കൊണ്ടു ജരാനരകൾ തീർക്കാവുന്നതുപോലെ മാംസപേശികളെയും നാഡീപടലങ്ങളേയും യന്ത്രംകൊണ്ടു് പുനരുജ്ജീപ്പിക്കാൻ പററുമെന്ന് വന്നിരിക്കയാണ്. അങ്ങിനെ ഭൗതികവിജ്ഞാനത്തിൻെറ വികാസത്തിനും, പുരോഗതിക്കുമൊപ്പം ശാസ്ത്രീയവിഷയങ്ങളിൽ ആഗോള വ്യാപകമായ ഗവേഷണാന്വേഷണങ്ങൾ നടന്നുവരുന്നു. തൽഫലമായി മനുഷ്യൻെറ വിജ്ഞാനമേഖല ഗ്രഹാന്തരങ്ങൾവരെ വ്യാപിച്ചുകൊണ്ടിരിക്കയുമാണ്. വാർദ്ധക്യത്തേയും,

രോഗബാധകളേയും, തജ്ജന്യമായ മരണത്തെതന്നെയും വെല്ലുവിളിച്ചുകൊണ്ടു് ശാസ്ത്രീയനേട്ടങ്ങൾ ആവേശകരമായി മുന്നേറുന്നുണ്ടു്.

ഈ വിധത്തിൽ ശാസ്ത്രത്തിൻെറയും, സാങ്കേതികത്വത്തിൻെറയും പുരോഗതി എല്ലാവരുടേയും ഭൗതികവിഭവസമൃദ്ധിക്കും സുഖസൗകര്യങ്ങൾക്കും ആക്കം വർദ്ധിപ്പിച്ചിട്ടുണ്ടു്. പോഷകാഹാരങ്ങളും, വസ്ത്രവും, ഭംഗിയുള്ളവീടും, നല്ല ആരോഗ്യവും ദീർഘായുസ്സും പ്രദാനം ചെയ്യുന്നതിൽ അതു വിജയിച്ചിരിക്കുകയാണ്. ഉല്പാദനപ്രക്രിയയിൽ മനുഷ്യൻെറ മാംസപേശികളുടേയും കായികശേഷിയുടേയും സ്ഥാനത്തു് യാന്ത്രിക ഊർജ്ജം കൂടി പ്രയോഗിച്ചു് ഉല്പാദനവർദ്ധനവുണ്ടാക്കുകയും തൊഴിലാളിക്കു് കൂടുതൽ വിശ്രമം നൽകുകയും ചെയ്യുന്നു. ഈ പുരോഗതിയുടെ ആശയധാരകൾ ജനങ്ങളിൽ സത്വരമായി എത്തിക്കുന്ന സമ്പ്രദായങ്ങൾക്കും നവീകരണങ്ങളുണ്ടായിട്ടുണ്ടു്. അച്ചടി സമ്പ്രദായത്തിലുണ്ടായിട്ടുള്ള പരിവർത്തനം വളരെ പ്രാധാന്യമർഹിക്കുന്നു. റേഡിയോ, ടെലിവിഷൻ, സിനിമ തുടങ്ങിയ ശ്രാവ്യ-ദൃശ്യ-വാർത്താവിനിമയ രീതിയിലും അത്ഭുതകരങ്ങളായ മാററങ്ങളുണ്ടായിക്കഴിഞ്ഞു. രാജ്യാന്തരസമ്പർക്കത്തിനും ആശയവിനിമയത്തിനും ജനസമ്പർക്കത്തിനും ഉതകുമാറു് തീവണ്ടി, മോട്ടോർ, ബസ്സ്, വിമാനം തുടങ്ങിയ യാത്രാസൗകര്യങ്ങളിലുള്ള അഭിവൃദ്ധിയും ഗണനീയങ്ങൾ തന്നെയാണു്.

ആശയങ്ങളും സ്ഥാപനങ്ങളും പോലും ഒരു രാജ്യത്തുനിന്നും മറെറാരു രാജ്യത്തേയ്ക്കു ശീഘ്രമായി സഞ്ചരിച്ചുവരുന്നു. പതിനെട്ടാം നൂററാണ്ടിന്റെ സായാഹ്നദശയിൽ ഫ്രാൻസിൽ ഉഗ്രമായി അലയടിച്ചുയന്ന സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം തുടങ്ങിയ ആശയങ്ങൾ ഭൂഖണ്ഡങ്ങൾ മറികടന്ന് ചിന്താസ്വാതന്ത്ര്യത്തിനും സാമ്പത്തിക-സാമൂഹ്യനീതിക്കും ജനാധിപത്യക്രമങ്ങൾക്കുംവേണ്ടിയുള്ള പോരാട്ടത്തിന്റെ ദീപശിഖയായിതീരുകയുണ്ടായി. യഥാർത്ഥത്തിൽ, ആധുനികഭാരതത്തിന്റെ ചരിത്രം തന്നെ ജനങ്ങളിലേയ്ക്കുള്ള ഈ നവീനസിദ്ധാന്തങ്ങളുടെ സംക്രമണത്തിന്റെ ഉപന്യസികലാണ്. ഗാന്ധിജി സ്വജീവിതത്തിൽക്കൂടി വളർത്തിയെടുത്ത അഹിംസാസിദ്ധാന്തം അങ്ങകലെ അമേരിക്കയിൽ വമ്പിച്ച സ്വാധീനം ചെലുത്തിയിരിക്കയാണ്. നീഗ്രോകളുടെ അവകാശസമരങ്ങളിൽ അഹിംസാതത്വം ശക്തിയായി പ്രതിഫലിച്ചിരുന്നു. "ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാ"യിരുന്ന യേശുദേവനെപ്പോലെ, വെള്ളക്കാരന്റെ പാപം ചുമക്കുന്ന അമേരിക്കയുടെ കുഞ്ഞാടായിതീന്ന ഒരു ക്രിസ്തീയ പുരോഹിതനായിരുന്ന നീഗ്രോ നേതാവ് മാർട്ടിൻ ലൂതർകിങ്ങ് കഴിഞ്ഞ രണ്ടു ദശാബ്ദത്തിലേറെക്കാലമായി നീഗ്രോകളുടെ അവകാശങ്ങൾക്കുവേണ്ടി ഗാന്ധിജിയിൽനിന്നു പ്രചോദനമുൾക്കൊണ്ടു അഹിംസാമാർഗ്ഗത്തിലൂടെ പൊരുതിക്കൊണ്ടിരിക്കയായിരുന്നു.

ഗതാഗതത്തിലും, വാർത്താവിനിമയത്തിലുമുള്ള നൂതനമാറ്റങ്ങൾ മൂലം രാഷ്ട്രാന്തരീയ കച്ചവടം ഗണ്യമായി അഭിവൃദ്ധി നേടിയിട്ടുണ്ട്. കമ്പ്യൂട്ടിംഗ് മെഷീനുൾപ്പെടെയുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ ബിസ്സിനസ്സരംഗത്തും ഗവേഷണത്തിലും മെഡിക്കൽ സയൻസിലും വർദ്ധമാനമായ നേട്ടങ്ങൾക്ക് വഴിവച്ചിരിക്കയാണ്. ഭക്ഷ്യോല്പാദനത്തിലും, കൃഷിസമ്പ്രദായത്തിലും ശാസ്ത്രസിദ്ധികൾ അത്ഭുതകരങ്ങളായ നേട്ടങ്ങളുണ്ടാക്കിക്കഴിഞ്ഞു. വ്യാവസായികോല്പാദനവും ഇരട്ടിയായിത്തീർന്നു. വിദ്യുച്ഛക്തിയുടേയും സ്റ്റീലിൻേറയും ഉല്പാദനവും വൻതോതിലായിരിക്കുന്നു. സർവ്വോപരി ട്രോംബേയിലുള്ള അറോമിക് എനർജിയുടെ വിപുലനം മൂലവും ബോമ്പേയ്ക്കടുത്തുള്ള താരാപ്പൂരിലും, റാണാപ്രതാപ്സാഗറിലും മദ്രാസ്സിനടുത്തുള്ള കല്പകവിലും ഏർപ്പെടുത്തുന്ന പുതിയ സ്റ്റേഷനുകളുടെ പ്രവർത്തനം കൊണ്ടും രാജ്യത്തൊട്ടാകെയുള്ള വ്യവസായ കൃഷിമേഖലകൾക്ക് മതിയാവുംവിധം വിദ്യുച്ഛക്തി വിതരണം വർദ്ധിപ്പിക്കാൻ സൗകര്യപ്പെടുന്നതാണ്. അറോമിക് എനർജി മൂലം ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിച്ച് സമുദ്രജലം ലവണരഹിതമാക്കി ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. അതുപോലെ ട്രോംബെയിൽ നടത്തിയ ഗവേഷണ ഫലമായി, അറോമിക് എനർജിയിൽ നിന്നും ലഭിക്കുന്ന റേഡിയേഷൻ മുഖാന്തിരം നെല്ലുല്പാദനം 20 ശതമാനത്തോളം വർദ്ധിപ്പിക്കുന്നതിനും ഭക്ഷ്യ

ശേഖരണത്തിലുള്ള നാശനഷ്ടങ്ങൾ ഒഴിവാക്കുന്നതിനും സാധിക്കുമെന്ന് ബോദ്ധ്യപ്പെട്ടിരിക്കയാണ്: കൂടാതെ ന്യൂക്ലിയർ റീയാക്റ്റേർസിൽനിന്നുമുണ്ടാകുന്ന വിവിധ തരം ഐസോടോപ്പ്സുപയോഗിച്ച് അസംഖ്യം രോഗലക്ഷണങ്ങൾ മനസ്സിലാക്കുന്നതിനും രോഗനിവാരണമുണ്ടാക്കുന്നതിനും ശ്രമം നടന്നുവരികയാണ്.

ഇപ്രകാരം ശാസ്ത്രസിദ്ധികൾ സമൂഹക്ഷേമത്തിനുപകരിക്കുമാറ് മനുഷ്യരുടെ ആവശ്യങ്ങളും പരിതഃസ്ഥിതികളുമായിണക്കിച്ചേർത്തുവരികയാണ്. കൂടുതൽ ജനങ്ങൾക്കു തൊഴിൽ നൽകത്തക്കവിധം ചെറുതരം യന്ത്രോപകരണങ്ങൾ ചെറുകിട വ്യവസായങ്ങൾക്കും കൃഷി കാര്യങ്ങൾക്കുമായി നിർമ്മിക്കുന്നതിന് സാങ്കേതികജ്ഞാനം ഉപയോഗിക്കേണ്ടിയിരിക്കുന്നു. ആവശ്യ സാധനങ്ങളുടെ നിർമ്മാണത്തിനും ഭക്ഷ്യോല്പാദന വർദ്ധനവിനുംവേണ്ടി ശാസ്ത്ര-സാങ്കേതിക വിദ്യകൾ പ്രയോഗിക്കുന്നതിനിടയാകണം. തൊഴിലില്ലായ്മയ്ക്കും കൂടി പരിഹാരമുണ്ടാക്കത്തക്കവിധം ശാസ്ത്രീയകൃഷിയും വൻകിട വ്യവസായവും ചെറുകിട വ്യവസായവും തമ്മിൽ ശരിയായ ഒരു അനുപാതക്രമം പുലർത്തി അഭിവൃദ്ധിയുണ്ടാക്കുന്നതിന് ഉതകിയ സാങ്കേതിക കണ്ടുപിടുത്തങ്ങൾ ആവശ്യമായിരിക്കുന്നു.

# ശാസ്ത്രാധിപത്യവം അദ്ധ്യാപകനും

[സംശയിക്കുക, ചോദ്യംചെയ്യുക, അന്വേഷിക്കുക, കണ്ടെത്തുക എന്നിവയാണ് ശാസ്ത്രീയമനോഭാവത്തിന്റെ സവിശേഷധർമ്മങ്ങൾ. ഈ മനോഭാവത്തിന്റെ സൽഫലമാണ് ഇന്നോളമുള്ള മാനവപുരോഗതി. ശാസ്ത്രത്തിൽ പരമസത്യം എന്നൊന്നില്ല. ഏതു ശാസ്ത്രീയസിദ്ധാന്തവും പുനഃപരിശോധനയ്ക്കും പരിഷ്കരണത്തിനും വിധേയമാണ്. ശാസ്ത്രത്തിന്റെ പൂന്തോപ്പിൽ നിത്യവസന്തമാണ്. പുതുപുഷ്പങ്ങൾ വിരിഞ്ഞുകൊണ്ടിരിക്കും.]

ഇന്നത്തെ പരിവർത്തനപ്രക്രിയയിൽ അതിപ്രധാനമായ പങ്കാണ് വിദ്യാഭ്യാസസ്ഥാപനങ്ങൾക്കുള്ളതു്. പുതിയ ഒരു സാമൂഹ്യവീക്ഷണത്തിന്റെ സന്നിധാനത്തിലാണ് നമ്മുടെ ചിന്താഗതികൾ നിറപ്പകിട്ടാർന്നു വരുന്നതെന്നുള്ളതു് നിഷേധിക്കാനാവാത്ത വസ്തുതയാണ്. മൂല്യബോധത്തിൽ അതിശക്തമായ പരിഷ്കരണങ്ങൾ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. അങ്ങനെ മനുഷ്യന്റെ പൊതുധാരണകൾക്കും കാഴ്ചപ്പാടുകൾക്കും വൻപിച്ച വ്യതിയാനങ്ങളും പുരോഗതികളും ശീഘ്രതര

മായി സംഭവിക്കുന്നുണ്ട്. അന്ധതയുടെ അഗാധതലത്തിൽ നിന്നും വെളിച്ചത്തിൻേറയും, അഭിവൃദ്ധിയുടേയും കൊടുമുടിയിലേയ്ക്കുള്ള പ്രയാണത്തിന്ന് ആക്കം വർദ്ധിച്ചിരിക്കയാണ്.

ശാസ്ത്രപുരോഗതിയുടെ സ്വാധീനം ആധുനിക ജീവിതത്തിലെ ഒരു യാഥാർത്ഥ്യമായിത്തീർന്നിരിക്കുകയാണ്. അതിൻെറ അദൃശ്യശക്തി ഇനിയും പല പുതിയ മേഖലകളിലും ആധിപത്യമുറപ്പിക്കുകതന്നെ ചെയ്യും. ശാസ്ത്രത്തിൻേറയും സാങ്കേതിക വിജ്ഞാനത്തിൻേറയും പുരോഗതി അപരിചിതമായ ജീവിതമൂല്യങ്ങളുടെ ഒരു ലോകത്തിലേക്ക് നമ്മെ എത്തിച്ചിരിക്കയാണ്. ശാസ്ത്രത്തിൻെറ നേട്ടങ്ങളെ സ്ഥായിയായ ക്ഷേമത്തിൻേറയും സൗഖ്യത്തിൻേറയും മാർഗ്ഗത്തിലേക്ക് തിരിച്ചുവിടുന്ന വിവേകശീലമുള്ള ഒരു തലമുറയുടെ ആവിർഭാവമാണ് വേണ്ടിയിരിക്കുന്നത്. എങ്കിൽ മാത്രമേ സാങ്കേതികവിജ്ഞാനം ഈ കാലഘട്ടത്തിൻെറ കൈപ്പിടിയിലെത്തിച്ചിട്ടുള്ള അത്ഭുതസിദ്ധികൾ സഫലമായി മനുഷ്യന്ന കൈകാര്യം ചെയ്യാൻ സാധിക്കൂ. ശാസ്ത്രത്തിൻെറ അതിശക്തമായ മുന്നേററത്തെ ഒരു നിമിഷംപോലും തടഞ്ഞുനിർത്താനോ അല്പമെങ്കിലും അമാന്തിപ്പിക്കാനോ സാദ്ധ്യമല്ലതാനും. നവനവങ്ങളായ സിദ്ധികൾ നേടി ശാസ്ത്രം പുരോഗമിക്കുന്നതിനൊപ്പം സാമൂഹ്യമണ്ഡലങ്ങളിലും അതിൻെറ ആഘാതം അനുഭവപ്പെടുന്നുണ്ട്.

48521

സാമൂഹ്യവീക്ഷണഗതികൾ അവയുടെ ഈററില്ലങ്ങളിൽനിന്നും പുറത്തുചാടി സാങ്കേതിക പുരോഗതിയിൽ ഊററംകൊണ്ടു് സടകുടഞ്ഞു് എഴുന്നേററു കഴിഞ്ഞിരിക്കുകയാണു്. സദാചാരത്തിന്റേയും, സന്മാർഗ്ഗത്തിന്റേയും, മനുഷ്യബന്ധങ്ങളുടേയും മൂല്യബോധത്തിൽ പുതിയ ചുമരെഴുത്തുകൾ കാലത്തിന്റെ ഭിത്തിയിൽ ആലേഖനം ചെയ്യപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അങ്ങനെ മാററങ്ങൾക്കു വിധേയമായ ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിച്ചിരിക്കുന്ന വെല്ലുവിളിയെ മനുഷ്യൻ എങ്ങനെ നേരിടുമെന്നതാണു് കാതലായ പ്രശ്നം. ശാസ്ത്രാധിപത്യത്തിന്റെ മുകളിൽ മനുഷ്യന്റെ വിവേകശക്തി മേല്ക്കോയ്മ സ്ഥാപിക്കേണ്ടതല്ലേ എന്നതാണു് സംഗതമായ വസ്തുത.

സംശയിക്കുക, ചോദ്യം ചെയ്യുക, അന്വേഷിക്കുക, കണ്ടെത്തുക എന്നിവയാണു് ശാസ്ത്രീയ മനോഭാവത്തിന്റെ സവിശേഷ ധർമ്മങ്ങൾ. ഈ മനോഭാവത്തിന്റെ സൽഫലമാണു് ഇന്നോളമുള്ള മാനവപുരോഗതി. ശാസ്ത്രത്തിൽ പരമസത്യം എന്നൊന്നില്ല. ഏതു് ശാസ്ത്രീയസിദ്ധാന്തവും പുനഃപരിശോധനയ്ക്കും പരിഷ്കരണത്തിനും വിധേയമാണു്. ശാസ്ത്രത്തിന്റെ പൂന്തോപ്പിൽ നിത്യവസന്തമാണു്. പുതുപുഷ്പങ്ങൾ വിരിഞ്ഞുകൊണ്ടിരിയ്ക്കും. മനുഷ്യബുദ്ധി നടത്തുന്ന അറുതിയററ ഒരു തീർത്ഥയാത്രയാണു് ശാസ്ത്രീയപര്യവേക്ഷണം. ഈ പര്യടനത്തിൽ മനുഷ്യൻ പുതിയ ദിങ്മണ്ഡലങ്ങളെ പ്രാപിക്കുന്നു. പുതിയ വെളിച്ച

ങ്ങളും പുതിയ സത്യങ്ങളും കാണുന്നു. നിലവിലുള്ള ശാസ്ത്രീയസിദ്ധാന്തങ്ങളെ പരമസത്യങ്ങളായെണ്ണി മനുഷ്യബുദ്ധിയ്ക്കു മയക്കം കൊള്ളുക സാദ്ധ്യമല്ല. മരണത്തെ മറികടക്കാൻ കഴിയുന്ന ചുററുപാടുകൾ ആകാശാന്തരങ്ങളിൽ എവിടെയെങ്കിലുമുണ്ടെങ്കിൽ ആ അമരലോകത്തെത്തിച്ചേരാൻ മനുഷ്യൻ വെമ്പുമെന്നു് തീർച്ചയാണു്.

മനുഷ്യമനസ്സിലെ മൂല്യബോധത്തിൽ വന്ന പരിവർത്തനമാണു് യഥാർത്ഥ പരിവർത്തനം എന്നു വിളിക്കപ്പെടാൻ യോഗ്യമെന്നുള്ളതിനു് സംശയമില്ല. സാമൂഹ്യജീവിതത്തെ സംബന്ധിച്ച മൂല്യബോധത്തിൽ വളരെ വലിയ കീഴ്മേൽ മറിയലുകൾ ഉണ്ടായിട്ടുണ്ടു്. മനുഷ്യസ്നേഹത്തിൽ അധിഷ്ഠിതമായ പുതിയൊരു സാമൂഹ്യക്രമം ആവിഷ്കൃതമായില്ലെങ്കിൽ മനുഷ്യരാശിക്കു് ഭാവിയില്ലെന്നു് പാശ്ചാത്യ സാമൂഹ്യ ശാസ്ത്രജ്ഞന്മാർ ഇന്നു മനസ്സിലാക്കിയിട്ടുണ്ടു്. ആധുനിക ജീവിതത്തിൻെറ വികാസപരിണാമങ്ങളെ വേണ്ടതുപോലെ കണക്കിലെടുക്കാതെ തികച്ചും മതത്തിൻേറതായ അടിസ്ഥാനത്തിൽ മാത്രം പ്രശ്നങ്ങളെ സമീപിക്കുന്നതു് വെറും അപൂർണ്ണമായ ഒരു ദർശനമാണു്. കായികശക്തിയുടേയും നിയമത്തിൻേറയും അടിസ്ഥാനത്തിലല്ലാതെ മനുഷ്യസ്നേഹത്തിൽ അധിഷ്ഠിതമായ ഒരു പുതിയ സമൂഹക്രമം കെട്ടിപ്പടുക്കുന്ന ലക്ഷ്യമാണിന്നുള്ളതു്. അങ്ങിനെ പുതിയൊരു മൂല്യബോധത്തിലേയ്ക്കു് കൈചൂണ്ടുന്ന ഒരു തത്വസംഹിതയാണു് രൂപപ്പെട്ടിരിക്കുന്നതു്.

സമീപ നൂററാണ്ടുകളിലെ മഹാവിപ്ലവങ്ങളായി പറയുന്നതു് അമേരിക്കൻ വിപ്ലവം, ഫ്രഞ്ചുവിപ്ലവം, റഷ്യൻ വിപ്ലവം, എന്നിവയാണു്. ലോകചരിത്രത്തിൽ വലിയ സ്വാധീനം ചെലുത്തുന്ന വിപ്ലവങ്ങളാണു് അവയൊക്കെയുമെന്നുള്ളതിനു് സംശയമില്ല. എന്നാൽ സാമൂഹ്യജീവിയായ മനുഷ്യൻെറ സാമൂഹ്യപരിവൎത്തനങ്ങളിൽ പ്രാമുഖ്യം വഹിക്കുന്ന ഒന്നായി റഷ്യൻ വിപ്ലവം ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇന്ത്യയിൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന പരിവർത്തനം സാമൂഹ്യജീവിതം സംബന്ധിച്ച മൂല്യബോധത്തിൽ അത്ഭുതകരങ്ങളായ വിപ്ലവങ്ങളുണ്ടാക്കിയിട്ടുണ്ടു്. പക്ഷേ, ആ വിപ്ലവത്തിൻെറ ഗൗരവവും ആക്കവും വേണ്ടതിൻവണ്ണം പലരും മനസ്സിലാക്കിയില്ല. അതു കാരണം നമ്മുടെ കയ്യിൽനിന്നു് ആ വണ്ടിച്ചക്രം ഊൗൎന്നുവീഴുന്ന മട്ടിലാണിരിക്കുന്നതു്. ഗാന്ധിജിയുടെ അനന്തരഗാമികൾക്കു് ആ പരിവർത്തനത്തെ സ്വാത്മീകരിക്കാനും അനുഭവവേദ്യമാക്കുവാനും കഴിഞ്ഞതേയില്ല. ഒരു തത്വശാസ്ത്രത്തെ പൂർണ്ണമായും അടിസ്ഥാനപ്പെടുത്തിക്കൊണ്ടു് റഷ്യൻ വിപ്ലവത്തെപ്പോലെ ഒരു വിപ്ളവം നടപ്പിൽവരുത്തുന്നതു് ചരിത്രത്തിലാദ്യമായിട്ടാണെന്നു് പറയണം. ലെനിനെപ്പോലെ ലോകോത്തരനായ ഒരു നായകൻെറ സൽഭാവവും മററധികം വിപ്ളവകാരികളിൽ ദർശിക്കാമെന്നു് പ്രതീക്ഷിച്ചുകൂടാത്ത അദ്ദേഹത്തിൻെറ സൗന്ദര്യബോധവും, ഹൃദയാലിത്വവും വിപ്ലവത്തിൻെറ ലക്ഷ്യത്തിനുവേണ്ടി അതൊക്കെത്തന്നെയും

അടിയറവച്ച് സർവ്വാത്മസമർപ്പണം സാധിച്ച അദ്ദേഹത്തിന്റെ നേതൃത്വം റഷ്യയ്ക്ക് നേട്ടങ്ങളുണ്ടാക്കിക്കൊടുത്തു. അദ്ദേഹത്തിന്റെ ഹൃദയഗുണങ്ങളെ തീരെ പ്രകാശിപ്പിക്കാൻ കഴിയാതിരുന്ന കടുത്ത വിപ്ലവകാരികളായ അനുയായികൾക്ക് വിപ്ലവത്തെ അരക്കിട്ടുറപ്പിക്കുവാനും കഴിഞ്ഞു. ഏകാധിപത്യത്തിന്റെ തീച്ചൂളയിൽ വേണം വിപ്ലവാദർശം കറകളഞ്ഞു് ശുദ്ധിയാക്കുകയെന്ന് അവരൊക്കെ വിശ്വസിച്ചിരുന്നു. അതിനുകൊടുക്കേണ്ടിവന്ന വില കടുത്തതായിരിക്കാമെങ്കിലും, വിദ്യാഭ്യാസത്തിലും, സാമൂഹ്യപുരോഗതിയിലും അവർക്കുണ്ടായ നേട്ടങ്ങളെ സ്റ്റാലിന്റെ കാലത്തുപോലും, അന്നതു നേരെ കണ്ട ജവഹർലാലും, രവീന്ദ്രനാഥടാഗോറും പുകഴ്ത്തിയിട്ടുണ്ട്. ഇന്നു റഷ്യ, ലോകരാഷ്ട്രങ്ങളുടെ മുൻപന്തിയിൽ ഒന്നാം സ്ഥാനത്തിന് അമേരിക്കയുമായി മത്സരിച്ചുകൊണ്ടു നിലകൊള്ളുന്നു. ആധുനികശാസ്ത്രത്തിന്റെ നേട്ടങ്ങളെ സംബന്ധിച്ച രംഗങ്ങളിൽ അമേരിക്കയേയും കവിഞ്ഞുനിൽക്കുന്നുമുണ്ട്.

അങ്ങനെ മാനവവർഗ്ഗത്തിന്റെ അവിരാമമായ പുരോഗതിയെപ്പററിയുള്ള നവദർശനം ലഭിക്കുമ്പോൾ പഴയ വിളക്കുകൾ കൊടുത്ത് പുതിയ വിളക്കുകൾ വാങ്ങുക എന്നതു് പരിണാമവിധേയമായ പ്രപഞ്ചത്തിൽ മനുഷ്യന്റെ ഒരു ശാശ്വതാവശ്യമാകുന്നു. സയൻസിലൂടെയും, കലകളിലൂടെയും തത്വജ്ഞാനത്തിലൂടെയും ഒരുതരം രക്ഷാബോധവും, ഗതിബോധ

ബോധവും, ഗതിബോധവും, ഐക്യബോധവും നേടാൻ കഴിയുമോ എന്ന് ഇന്നു പരീക്ഷിച്ചുവരുകയാണ്. അമേരിക്ക കണ്ടുപിടിക്കപ്പെട്ടതിനെത്തുടന്ന് മദ്ധ്യയൂറോപ്പിലുണ്ടായ മഹാപരിവത്തനത്തെക്കാഠം ഗ്രഹാന്തര വിജയത്തെ തുടന്ന്—മനുഷ്യവർഗ്ഗത്തിനാകെ മൂലസ്പർശിയായ പരിവർത്തനമുണ്ടാകുമെന്നൂഹിക്കാവുന്നതേയുള്ളൂ. ഉല്പാദന പ്രക്രിയയിൽ മൗലികമായ മാററമുണ്ടാകുമ്പോഴേ വിപ്ലവം സംഭവിക്കുന്നുള്ളൂ. അങ്ങിനെ മാറുന്ന മനുഷ്യചിത്രത്തിന് ഇതിൻഫലമായി മിഴിവ് കൈവന്നുകൊണ്ടിരിക്കയാണിന്ന്.

ഇത്തരുണത്തിൽ വിദ്യാഭ്യാസ രംഗത്തിലെ ധാർമ്മിക ജീർണ്ണത മററു ജീവിതമണ്ഡലങ്ങളെക്കൂടി നിരാശാനിഷ്പ്രഭങ്ങളാക്കുന്നു, എന്നോർമ്മിക്കണം. ആധുനികതയുടെ രസസന്നിവേശം പുതിയ തലമുറയിൽ ഊർജ്ജസ്വലമായി എത്തിക്കേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങഠം വിശ്വാസരാഹിത്യത്തിൻെറ വാതിൽ തുറന്നുകൊട്ടത്തിരിക്കയാണിന്ന്. വിദ്യാലയങ്ങളിൽക്കൂടിമാത്രം സമ്പാദിക്കയും, ശീലിക്കുകയും ചെയ്യേണ്ട പുതിയ മൂല്യബോധങ്ങഠംക്ക് വിദ്യാഭ്യാസ പദ്ധതികളിൽ ഇന്നും സ്ഥാനം നല്കി കഴിഞ്ഞിട്ടില്ല. അതുമൂലം സജീവമായ പുതു—പുത്തൻ സമൂഹപ്രവണതകളുമായി ബന്ധപ്പെടാൻ അപ്രാപ്തമായ വെറും കാലഹരണപ്പെട്ട അയഥാർത്ഥമൂല്യങ്ങഠംക്കു ചുററും അലക്ഷ്യമായി ഭ്രമണം ചെയ്യിക്കയാണ്, വിദ്യാലയത്തിൽ പുതിയതലമുറയെ. അതുവഴി ക്രിമിനൽ സ്വഭാവത്തിലുള്ള ക്രൂസലില്ലായ്മയും നൈതികബോധത്തോടും, സദാചാരത്തോടും, കട

ത്ത പുച്ഛവും, എന്തിലും ഇരട്ടത്താപ്പുപയോഗിക്കാനുള്ള അനന്തമായ കഴിവും ആണ് പുതിയ നേതൃത്വം പരിശീലിച്ചുവരുന്നതു്. ഇതിന്ന് പരിഹാരമുണ്ടാക്കാൻ അദ്ധ്യാപകസംഘടനകൾ ബോധപൂർവ്വം പരിശ്രമിക്കേണ്ടിയിരിക്കുന്നു. സംഘടനകൾക്ക് അതിനുതക്ക സമഗ്രവീക്ഷണമോ സാമൂഹ്യമായ ഉത്തരവാദിത്വമോ ഇനിയും ഉണ്ടാകേണ്ടിയിരിക്കുകയാണ്. നേതൃത്വത്തിന് ഇടയ്ക്കിടെ അധരപുഷ്പാഞ്ജലി സമർപ്പിക്കുവാനുള്ള മൃതപ്രതിമയായി ആധുനിക തത്വശാസ്ത്രത്തെ കണക്കാക്കുന്നതു് വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കാകെ അപകടകരമായിരിക്കും.

# ശാസ്ത്രം — ഒരു പുതിയ അദ്ധ്യായം

വിദ്യാഭ്യാസ പുനഃസംവിധാനത്തിൻെറ അടിസ്ഥാന പ്രമാണവും തത്വശാസ്ത്രവും ഒരു പ്രധാനാശയത്തിലധിഷ്ഠിതമാണു്. രാഷ്ട്രത്തിന്റെ ക്ഷേമവും അഭിവൃദ്ധിയും ഭദ്രതയും പൂർണ്ണമായി തന്നെ വിദ്യാഭ്യാസത്തിൻെറ വ്യാപ്തിയിലും മേന്മയിലും ഉള്ള ത്വരിതവും നിശ്ചിതവുമായ വളർച്ചയിലും, ശാസ്ത്രത്തിലും സാങ്കേതിക വിജ്ഞാനത്തിലുമുള്ള ഊർജ്ജസ്വലമായ ഗവേഷണത്തിലും അധിഷ്ഠിതമാണെന്നുള്ളതാണു് അതു്. മനുഷ്യൻെറ ഭൗതികസാഹചര്യങ്ങളെ ശാസ്ത്രം സമൂലം പരിവർത്തിപ്പിച്ചിരിക്കുകയാണു്. സാങ്കേതിക വിജ്ഞാന സമൃദ്ധിയുള്ള രാജ്യങ്ങളിൽ മനുഷ്യായുസ്സിൻെറ ദൈർഘ്യംതന്നെ ഗണ്യമായി വർദ്ധിച്ചിരിക്കുന്നു. ശാസ്ത്രം സർവ്വദേശീയത്വമുള്ളതാണു്; അതിന്റെ പ്രയോജനങ്ങളും അങ്ങിനെതന്നെയാണു്. അതിൻെറ ഭൗതികനേട്ടങ്ങൾ അപാരവും ദീർഘഫലദായകവുമാണു്.

കൃഷിയിലും വ്യവസായത്തിലും ന്യൂക്ലിയർ ശക്തിയിലുമെന്നപോലെ സംസ്ക്കാരത്തിലും ശാസ്ത്രത്തിൻെറ

വിലപ്പെട്ട സംഭാവനകൾ നല്കിക്കഴിഞ്ഞിട്ടുണ്ട്. മനുഷ്യാത്മാവിൻെറ വിപുലനവും മനുഷ്യമനസ്സിന്റെ ധന്യതയും ഉൾക്കൊണ്ടു വളരുകയാണു് ശാസ്ത്രം. ഓരോ ശാസ്ത്രീയ നേട്ടവും നമ്മുടെ പ്രകൃതിജ്ഞാനത്തിൻെറ ആഴം വർദ്ധിപ്പിക്കുകയും നമ്മുടെ അജ്ഞതയുടെ വൈപുല്യം ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നു. പ്രകൃതിയിലെ അത്ഭുതകരങ്ങളായ രഹസ്യങ്ങളും വിഭവങ്ങളും ഇനിയും കൂടുതൽ കണ്ടെത്തേണ്ടിയിരിക്കുന്നതേയുള്ളു. മനുഷ്യവികാസത്തിലും വീക്ഷണഗതിയിലും വമ്പിച്ച സ്വാധീനം ചെലുത്തുന്ന ശാസ്ത്രീയവിപ്ലവത്തിനു സമാനമായി നന്നേ ചുരുക്കം കാര്യങ്ങളെ ഉണ്ടായിട്ടുള്ളുവെന്നുതന്നെ പറയാവുന്നതാണു്.

സമീപകാലങ്ങളിലായി കുതിച്ചുകയറുന്ന വളർച്ചയാണു് ശാസ്ത്രരംഗത്തുണ്ടായിട്ടുള്ളതു്. ശാസ്ത്രജ്ഞന്മാരുടെ എണ്ണം തന്നെ എത്രയോമടങ്ങു വർദ്ധിച്ചുപോയി. നിമിഷംപ്രതി ശാസ്ത്രപുരോഗതിയാണുള്ളതു്. ഒരു ശാസ്ത്രലേഖനം തയ്യാറാക്കി അതച്ചടിച്ചു തീരുമ്പോഴേയ്ക്കും അതിലെ ആശയം പഴയതായിക്കഴിയും. ഒരു പഠനഘട്ടത്തിലേയ്ക്കു പഠിക്കേണ്ട പുസ്തകം, ആ ഘട്ടം പൂർത്തിയാകുമ്പോഴേയ്ക്കും കാലഹരണപ്പെട്ടുകയായി. ഒരു ഗവേഷണയന്ത്രം, ഗവേഷണഘട്ടത്തിൽവെച്ചുതന്നെ പഴഞ്ചൻ മാതൃകയായിത്തീരുകയാണു്. അത്രദ്ധുതഗതിയിൽ, കണ്ടുപിടുത്തത്തിനും അതിന്റെ പ്രയോഗത്തിനും ഇടയ്ക്കുള്ള വിടവു് ചുരുങ്ങിവരികയാണു്. വളർച്ചപ്രാപിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്രത്തിൻേറയും

സാങ്കേതിക ജ്ഞാനത്തിന്റെയും അവശ്യസ്വഭാവമാണതു്.

വിദ്യാഭ്യാസത്തിലും രാഷ്ട്രവികസനത്തിലും അതിന്റെ പങ്കിലും ശാസ്ത്രം പുതിയ അദ്ധ്യായങ്ങൾ എഴുതിച്ചേർത്തിരിക്കുകയാണു്. ശാസ്ത്രത്തിന്റെ പഠനം അപാകമോ, അദ്ധ്യയനം അപര്യാപ്തമോ ആയാൽ മൂഢധാരണകൾമൂലം മനസ്സു ഭാരപ്പെടുകയും അന്ധവിശ്വാസങ്ങളിലേയ്ക്കു് അധഃപതിക്കുകയും ചെയ്യും. അതുകൊണ്ടു് എല്ലാ ഘട്ടങ്ങളിലുമുള്ള ശാസ്ത്രവിദ്യാഭ്യാസത്തിന്റെ ഉള്ളടക്കവും ഗുണവും ബോധപൂർവ്വം മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. സർവ്വകലാശാലാഘട്ടത്തിലുള്ള ശാസ്ത്രപഠനവും ശാസ്ത്രഗവേഷണവും ദേശീയലക്ഷ്യബോധത്തോടുകൂടി മെച്ചപ്പെടുത്തേണ്ടതാണു്. നിരന്തരമായ കഠിന യത്നവും, ബഹുജനപിന്തുണയും നിശ്ചയദാർഢ്യവും അർപ്പണഭാവവും മൂലം മാത്രമേ ശാസ്ത്രപഠനത്തിന്റെയും ഗവേഷണത്തിന്റെയും നില മെച്ചപ്പെടുത്താൻ സാദ്ധ്യമാവൂ.

## സാംസ്കാരിക നവോത്ഥാനത്തിൽ ഗ്രന്ഥശാലകൾക്കുള്ള പങ്ക്

ശാസ്ത്രീയ പുരോഗതി സമൂഹജീവിതത്തെയാകെ പരിവർത്തിപ്പിച്ചുവരുന്നു. മനുഷ്യജീവിതത്തേയും സമൂഹത്തേയും നേരിടുന്ന പ്രധാന വെല്ലുവിളിയും ഈ പരിവർത്തനം തന്നെയാണ്. നിരന്തരമായ വ്യതിയാനം പ്രപഞ്ചത്തിന്റെ നിയമമായി തീർന്നിട്ടുണ്ട്. നിമിഷംതോറും പലതിനും ആകൃതി ഭേദങ്ങൾവരെ വന്നുകൊണ്ടിരിക്കുന്നു. മനുഷ്യചിന്തയും അതിന്റെ പ്രതിഫലനങ്ങളും ഈ നിയമത്തിനു വ്യത്യസ്ഥങ്ങളല്ല.

മനുഷ്യന്റെ ചിന്തകൾ അവന്റെ മനസ്സിൽ അതിശക്തമായ പ്രേരണകൾ വളർത്തുകയും അവ അടിയ്ക്കടി പരിഷ്കരണങ്ങൾക്ക വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. ഓരോ തലമുറയും അതിന്റെ ചിന്താപാടവത്തേയും അതിശയകരമായ സംഘടനാശേഷിയേയും പററി അഭിമാനിക്കുമ്പോഴെല്ലാം അടുത്ത തലമുറ ആ മുട്ടപടത്തിൽ കീറലുകളുണ്ടാക്കുകയും അഭിമാനപൂർവ്വം വ്യതിയാനങ്ങൾ സംഭവിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ ചിന്തയുടേയും ആശയങ്ങളുടേയും പ്രവാഹഗതി

തന്നെ മാറിക്കൊണ്ടിരിക്കുന്നു. മനുഷ്യസംസ്കാര ചരിത്രത്തിലും ഈ മട്ടിലുള്ള വ്യതിയാനങ്ങൾ സംഭവിച്ചിട്ടുണ്ട്.

യവനസംസ്കാരങ്ങളും, മാനുഷിക മൂല്യങ്ങളുടെ പൊൻപുലരിയും, സർഗ്ഗപ്രതിഭയുടെ സുന്ദരശില്പങ്ങളും ചിന്തയുടെ വസന്തോത്സവങ്ങളും സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ തുടങ്ങിയവരുടെ തത്വചിന്തകളും അന്ധവിശ്വാസത്തിന്റെയും മതാധികാരത്തിന്റെയും ആയിരം വർഷത്തോളം നീണ്ടിരുന്ന കാലഘട്ടവും യുക്തിയുടേയും ബുദ്ധിയുടേയും നവോത്ഥാനവും ആധുനിക യുഗവും ഗലീലയോ, ന്യൂട്ടൻ, ഡാർവിൻ, ഐൻസ്റ്റീൻ തുടങ്ങിയവരുടെ കണ്ടുപിടുത്തങ്ങളും, മററും മററും രണ്ടായിരം വർഷത്തെ പാശ്ചാത്യ സംസ്കാരപുരോഗതിയിലെ നാഴികക്കല്ലുകളാണെന്നു സമ്മതിച്ചേ തീരു. അതുപോലെ ആർഷഭാരതത്തിൽ സിന്ധുനദീതീരത്തു അയ്യായിരത്തിൽപരം വർഷങ്ങൾക്ക് മുമ്പ് നാമ്പെടുത്ത സംസ്കാരവും ഋഗ്വേദകാലത്തുള്ള പശുപതി ധ്യാനവും ഡൽഹി സുൽത്താൻ ഭരണകാലവും 17-ാം നൂററാണ്ടിലുള്ള ആധുനിക നവോത്ഥാനവും രാമദാസ്, ശിവജി, ഗുരുനാനാക്ക്, രജപുത്രർ തുടങ്ങിയവരുടെ കാലഘട്ടവും രാജാറാം മോഹൻറായ്, ദയാനന്ദസരസ്വതി, ശ്രീരാമകൃഷ്ണപരമഹംസർ, വിവേകാനന്ദൻ. തിലക്, അരവിന്ദൻ, മാളവ്യജി, ടാഗോർ ഗാന്ധിജി തുടങ്ങിയവരുടെ പ്രവർത്തനവും സംസ്കാരചരിത്രത്തിലെ നാഴികക്കല്ലുകളാണ്. എല്ലാ ഘട്ടത്തിലും

സാമൂഹ്യം, ബുദ്ധിപരം, വികാരപരം, ആത്മീകം എന്നീ നാലു പ്രധാന രംഗങ്ങളിൽ കൂടിയാണ് നമ്മുടെ സംസ്കാരം വളർന്നുവന്നിട്ടുള്ളതു്.

ആംഗലകവിയായ മാത്യു ആർനോൾഡ് പറയുന്നതുപോലെ ചിന്തിച്ചിട്ടുള്ളതിലും പ്രതിപാദിച്ചിട്ടുള്ളതിലുംവച്ചേററവും മഹത്തായതു് അറിയുകയാണ് സംസ്കാരം. റേഡിയോ, ടെലിവിഷൻ, മോട്ടോർകാർ തുടങ്ങിയ കുറെ പരിഷ്കൃതസാധനങ്ങൾ ഉപയോഗിച്ചതുകൊണ്ടു് സംസ്കാരമാവില്ല. പ്രസിദ്ധങ്ങളായ നാടകങ്ങളും മനോഹരങ്ങളായ ചിത്രങ്ങളും നേടുകയും സുന്ദരങ്ങളായ ഗാനങ്ങൾ കേൾക്കുകയും ചെയ്തതുകൊണ്ടു് സംസ്കാരം നേടുന്നില്ല. ആധുനികവസ്ത്രങ്ങൾ ധരിക്കുകയും അലങ്കാരസാധനങ്ങൾ വാങ്ങുകയും ചെയ്തതുകൊണ്ടും സംസ്കാരം സമ്പാദിച്ചെന്നു വരുകയില്ല. ഉന്നത സ്ഥാനങ്ങൾ നേടുകയും പ്രതാപവും പ്രൗഢിയുമുള്ള കുടുംബങ്ങളിൾ ജനിക്കുകയും ചെയ്തതുകൊണ്ടും സംസ്കാരം നേടിയെന്നു വരുന്നില്ല. പ്രസിദ്ധ തത്വചിന്തകനായ പ്രൊഫസർ Dr: C. E. M. ജോഡ് പറയുന്നതുപോലെ ഇവയെല്ലാം നല്ല ജീവിതത്തിന്നു് സഹായിക്കുന്ന ചില ഉപാധികൾ മാത്രമാണു്. ജോഡിൻെറ അഭിപ്രായത്തിൽ സ്വാതന്ത്ര്യമായും പുതുമയായും ചിന്തിക്കുക, സുന്ദരവസ്തുക്കൾ നിർമ്മിക്കുക, നീതിയും ധർമ്മവും മാനുഷികമൂല്യങ്ങളും ഉയർത്തിപ്പിടിക്കുക, സഹാനുഭൂതിയോടും സ്നേഹത്തോടും മര്യാദയോടുംകൂടി മററുള്ളവരോടു പെരുമാറുക തുടങ്ങിയവയാണു് സംസ്കാര

ത്തിന്റെ ലക്ഷണങ്ങൾ. ഇതു് അത്ഭുതകരമായ ഒരു മാനസിക പ്രക്രിയയാണ്. മനസ്സിന്റെ ബലപ്പെടുത്തലും ആന്തരിക പരിവർത്തനവും കൊണ്ടുമാത്രമേ ഈ സംസ്കാരം സഫലമായി സമ്പാദിക്കാനാവൂ. ധാർമ്മികവും സാമൂഹികവുമായ ഉത്തരവാദിത്തങ്ങളെപ്പററി നമ്മെ ബോധവാന്മാരും സംസ്കാര ചിത്തരുമാക്കുന്ന വിജ്ഞാനം കൊണ്ടു മാത്രമേ സാംസ്കാരിക നവോത്ഥാനം നേടാനൊക്കൂ.

ഈ വിജ്ഞാനവും ആന്തരിക പരിവർത്തനവും ഗ്രന്ഥപാരായണം കൊണ്ടു മാത്രമേ നേടാൻ സാധിക്കുകയുള്ളു. വായിക്കാനുള്ള കഴിവു് നമുക്കു് വിജ്ഞാനം ഉണ്ടാക്കുകയും വിനോദം തരികയും നമ്മിൽ വിവേകം വളർത്തുകയും ചെയ്യുന്നു. മററുള്ളവരുടെ ചിന്തകളും നമ്മുടെ പുറവുപാടുകളും കഴിഞ്ഞകാലസംഭവങ്ങളും ശരിക്കും മനസ്സിലാക്കി നമ്മുടെ ജീവിതം ധന്യവും ഉപയോഗപ്രദവുമാക്കുന്നതിൽ വായനയ്ക്കൊരു വലിയ പങ്കു് നിർവ്വഹിക്കാനുണ്ടു്. വളരെ പുസ്തകങ്ങൾ വായിക്കുന്നതിലല്ല കാര്യം, നല്ല പുസ്തകങ്ങൾ സൂക്ഷ്മതയോടു മനസ്സിരുത്തി വായിക്കുന്നതിലാണു് ശ്രദ്ധിക്കേണ്ടതു്. ജി. കെ. ചെസ്റ്റർടെൻ അഭിപ്രായപ്പെടുന്നതുപോലെ വായന പലതരമുണ്ടു്. വായിക്കാനൊരു പുസ്തകം കിട്ടിയാൽ കൊള്ളാമെന്നു കരുതുന്ന ക്ഷീണിതനായ മനുഷ്യനും ഒരു പ്രത്യേക പുസ്തകം വായിക്കാൻ കിട്ടിയാൽ കൊള്ളാമെന്നാഗ്രഹിക്കുന്ന ജിജ്ഞാസുവും തമ്മിൽ അജഗജാന്തരമുണ്ടു്. വായനയ്ക്കുശേഷം പുസ്തകത്തിലെ

പ്രതിപാദ്യകാര്യങ്ങളെപ്പററി വിമർശനബുദ്ധിയോടെ അല്പനേരം ചിന്തിക്കണം. വായനയും ഉപരിചിന്തയും മൂലം ഒരു സംസ്കാരം സ്വായത്തമാകും.

മനുഷ്യനെ സംസ്കാരചിത്തനാക്കുകയും ഉന്നമിപ്പിക്കുകയും അവനിൽ അതിശക്തമായ ആത്മഭാവത്തിൻെറ അന്തരണനങ്ങളുണ്ടാക്കുകയും ചെയ്യുന്ന ഗ്രന്ഥങ്ങൾ മാത്രമേ ഗ്രന്ഥശാലകൾ ശേഖരിക്കാവൂ. സാഹിത്യപരവും കലാപരവും ശാസ്ത്രപരവുമായ മികച്ച ഗ്രന്ഥങ്ങളുടെ ശേഖരണമാണാവശ്യം. മനുഷ്യമനസ്സിനെ മഥിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നവയായിരിക്കണം ഗ്രന്ഥശാലകളിലെ ഗ്രന്ഥങ്ങൾ. അസ്വസ്ഥതകളും നിഷേധഭാവങ്ങളും മാത്രമുള്ള യുവവാസനകളെ കടിഞ്ഞാണിടുകയും, പരിപുഷ്ടിപ്പെടുത്തുകയും ചെയ്യുന്ന ഗ്രന്ഥങ്ങൾ മാത്രമേ സാംസ്കാരിക നവോത്ഥാനത്തിന്ന് ഉപകരിക്കൂ. മനുഷ്യമര്യാദകളും സാമൂഹ്യനീതികളും നല്ല പെരുമാററങ്ങളും പരിശീലിപ്പിക്കുന്ന ഗ്രന്ഥനിർമ്മിതിയാണാവശ്യം.

ഇന്നു സമൂഹമൊട്ടാകെയും യുവതലമുറയെ പ്രത്യേകിച്ചും ഗ്രസിച്ചിരിക്കുന്ന സാംസ്കാരിക അജീർണ്ണത മാററുന്നതിന്ന് ഗ്രന്ഥശാലകൾ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. ഇതു സംബന്ധിച്ച് ചർച്ചായോഗങ്ങളും പഠനക്ലാസ്സുകളും കൂടെക്കൂടെ ഗ്രന്ഥശാലകൾ നടത്തി പരിഹാരം കാണേണ്ടിയിരിക്കുന്നു. യുവതലമുറയുടെ അച്ചടക്കരാഹിത്യവും സാംസ്കാരികനിശ്ശൂന്യതയും, മാററുന്നതിന്ന് ഗ്രന്ഥശാലകൾക്കു മാത്രമേ കഴിയുകയുള്ളൂ.

# മനുഷ്യബന്ധങ്ങൾ പ്രതിക്കൂട്ടിൽ

വ്യക്തികളും വ്യക്തികളുൾക്കൊള്ളുന്ന സമൂഹവും തമ്മിൽ ഉത്തമബന്ധം സ്ഥാപിക്കുകയെന്നുള്ളതാണ് സാംസ്കാരിക വളർച്ചയിലെ പ്രധാന ആവശ്യം. എന്തെങ്കിലുമായി മത്സരത്തിൽ ഏർപ്പെടുകയെന്നുള്ളതു് മനുഷ്യപ്രകൃതിയാണ്. ചിലരൊക്കെ അതിൽ വിജയിക്കും. പലരും പരാജയപ്പെടും. മനുഷ്യജീവിതത്തിൻെറ പല തലങ്ങളിലും പ്രകടമായി കാണാറുണ്ടു് ഈ മാത്സര്യഭാവങ്ങൾ. വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും ഒരുപോലെ ഈ മത്സരം ദൃശ്യമാണ്. പ്രസിദ്ധ ശാസ്ത്രചിന്തകനായിരുന്ന ബർട്രാൻഡ് റസ്സലിൻെറ അഭിപ്രായത്തിൽ മൂന്നുതരം മത്സരങ്ങളിലാണ് മനുഷ്യൻ ഏർപ്പെടാറുള്ളതു്. 1) മനുഷ്യനും പ്രകൃതിയും തമ്മിലുള്ള മത്സരമാണാദ്യത്തേതു്. 2) ഒരു മനുഷ്യനും മറെറാരാളും തമ്മിലുള്ള മത്സരമാണ് രണ്ടാമത്തേതു്. 3) ഒരു മനുഷ്യന് അവനുമായിത്തന്നെയുള്ള മത്സരം മൂന്നാമത്തേതും.

ഈ മത്സരങ്ങൾ വളരെ വ്യത്യസ്ഥ സ്വഭാവങ്ങളുള്ളവയാണ്. ചരിത്രത്തിൻെറ വളർച്ചയോടൊപ്പം ഇവയുടെ താരതമ്യേനയുള്ള പ്രാധാന്യവും നിരന്തരമായി വ്യതിയാനപ്പെടുന്നു. ഓരോരോയിനം മത്സരങ്ങളുടെ പ്രായോഗിക രീതിയും വിഭിന്നങ്ങൾതന്നെ. മനുഷ്യന് പ്രകൃതിയുമായുള്ള മത്സരത്തിന് ശാസ്ത്രവും സാങ്കേതികജ്ഞാനവുമാണ് ഉപകരണങ്ങൾ. കഴിഞ്ഞ രണ്ടുമൂന്നു നൂററാണ്ടുകളിലെ ശ്രമഫലമായി പ്രകൃതിശക്തികൾ മനുഷ്യാവശ്യങ്ങൾക്കു വഴങ്ങിക്കഴിഞ്ഞിരിക്കുകയാണ്.

മനുഷ്യന്റെ ഭൗതികജീവിതവും സാഹചര്യങ്ങളും സുഖകരമാക്കുന്നതിനു പ്രകൃതിയെ കീഴ്പ്പെടുത്താനുള്ള ശ്രമങ്ങൾ ഇന്നും തുടരുകയാണ്. പ്രകൃതിയുടെമേൽ ആധിപത്യം സ്ഥാപിക്കാനുള്ള ഉപകരണങ്ങൾ പൂർണ്ണമാക്കുന്നതിലാണു ഇന്നു മനുഷ്യൻെറ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നതു്. കാരണം പ്രകൃതിയുമായുള്ള മത്സരത്തിലെ വിജയം മനുഷ്യൻെറ നിലനില്പിനത്യാവശ്യമാണ്. ഭൂകമ്പം, പകർച്ചവ്യാധികൾ, വരൾച്ച തുടങ്ങിയവമൂലം ജീവഹാനിസംഭവിക്കുന്നവർ പ്രകൃതിയുമായുള്ള മത്സരത്തിലെ പരാജിതരാണ്. പ്രകൃതിയുടെമേലുള്ള ഓരോ വിജയവും മനുഷ്യവർഗ്ഗത്തിൻെറ സംഖ്യാബലം വർദ്ധിപ്പിക്കാനുപകരിക്കുന്നുമുണ്ടു്.

മനുഷ്യനും മനുഷ്യനും തമ്മിലുള്ള മത്സരം പ്രധാനമായും രാഷ്ട്രീയത്തിലും യുദ്ധത്തിലും കൂടെയാണു നിർവ്വഹിക്കുന്നതു്. മനുഷ്യൻ അവൻെറ ചുററുപാടുകളിൽ

ആധിപത്യമുറപ്പിച്ചതോടുകൂടി അവൻെറ സമസൃഷ്ട ങ്ങളോടുള്ള ബന്ധവും ആനുപാതികമായി ചില പ്ര ത്യേക പ്രാധാന്യങ്ങളൊക്കെയവലംബിക്കുന്നുണ്ടു്. കാ രണം പ്രപഞ്ചാധിപത്യശ്രമങ്ങളിൽ മുൻപിലത്തെ പ്രാകൃതന്മാരെക്കാറം ശക്തമായ സാമൂഹ്യവിഭാഗങ്ങറം ഉറംപ്പെട്ടുകഴിഞ്ഞിട്ടുണ്ടെന്നുള്ളതാണതു്. കൂടാതെ, ദൈനംദിനപ്രശ്നങ്ങറം ലഘുപ്പെട്ടപ്പോറം ശത്രുനിഗ്രഹ ത്തിനു കൂടുതൽ ശ്രദ്ധവെയ്ക്കാനും പററുമെന്നായി. അ തുമൂലം വ്യക്തിയും സമൂഹവും തമ്മിൽ കൂടുതൽ രഞ്ജി പ്പുണ്ടാക്കുന്ന സാമൂഹ്യസംഘടനാ പ്രവർത്തനങ്ങറം ശക്തിപ്പെടുത്തിവരികയാണു്. കമ്മ്യൂണിസം, സോ ഷ്യലിസം സർവ്വോദയം, ഐക്യരാഷ്ട്രസംഘടന തുട ങ്ങിയ പ്രസ്ഥാനങ്ങളെല്ലാം ദേശീയവും അന്തർദേശീയ വുമായ തലങ്ങളിൽ പുതിയ വ്യവസ്ഥിതികളേർപ്പെടു ത്താനുള്ള മനുഷ്യപ്രയത്നങ്ങളുടെ പ്രത്യക്ഷോദാഹരണ ങ്ങളാണു്. അങ്ങനെ രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവുമായി മെച്ചപ്പെട്ട സാഹചര്യങ്ങറം വളർ ത്തിയെടുത്തു് സമസൃഷ്ടങ്ങളോടുള്ള മത്സര പരിഹാര ത്തിനായി മനുഷ്യൻ ഇന്നു കിണഞ്ഞു ശ്രമിക്കുന്നുണ്ടു്.

പുതിയ പുതിയ ടെക്നിക്കുകറം ആവിർഭവിച്ചതു മൂലം ശത്രുനിഗ്രഹംമൂലമുള്ള സ്വന്തം വളർച്ചയെക്കാറം സഹകരണപരമായ പ്രവത്തനങ്ങളാണു ശ്രേയസ്കര മെന്നു മനസ്സിലാക്കുന്ന ഒരു അവസ്ഥ വരുന്നതോടുകൂടി മനുഷ്യനും മനുഷ്യനും തമ്മിലുള്ള മത്സരം അത്ഥശൂന്യ മായി തീരുന്നതാണു്. ഈ സ്ഥിതിയിൽ മനുഷ്യനു്

അവനുമായി തന്നെയുള്ള മത്സരമാണു ശക്തിയായി ശേഷിക്കുന്നതു്. ഇതിൻെറ പരിഹാരത്തിനു ഗൗരവതരങ്ങളായ ശ്രമങ്ങളൊന്നും നടത്തിയിട്ടില്ലെന്നുവേണം പറയുവാൻ. മനുഷ്യമനസ്സിലുള്ള ഈ ആഭ്യന്തരമത്സരം കൈകാര്യം ചെയ്തിരുന്നതു് മതമാണു്. അതിന്റെ പ്രവർത്തനങ്ങളൊന്നും സാരമായി ഫലിച്ചിട്ടില്ല. മനുഷ്യൻ സ്വയം നിരന്തരമായമത്സരത്തിൽ തന്നെയാണു്. അതിൻെറ ആക്കം ഇന്നു വളരെ വർദ്ധിച്ചിട്ടുണ്ടുതാനും. ഈ ആന്തരമത്സരം മററു രണ്ടു മത്സരങ്ങളേയും ബാധിക്കുകയും സാമൂഹ്യവും സാങ്കേതികവുമായ മണ്ഡലങ്ങളിൽ ദൂഷ്യഫലങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. സാമൂഹ്യവും ശാസ്ത്രീയവുമായ സർവ്വ പുരോഗതിയുടേയും നാരായവേരറുക്കുന്നതിനു ഈ മാനസികമത്സരം ഇടയാക്കുന്നതാണു്. മനുഷ്യബന്ധങ്ങളെ മുഴുവനും ഇതു താറുമാറാക്കുകയും ചെയ്യും. ബാഹ്യസമരങ്ങളുടെ വിശദവിപുലമായ ഭാവങ്ങൾ ഈ മാനസികമായ ആന്തരസമരങ്ങളുൾക്കൊള്ളുകയും ചെയ്യും. മനസ്സിൽ വളർന്നുവരുന്ന ഈ മത്സരഭാവങ്ങൾ കാരണം മനുഷ്യബന്ധങ്ങളെല്ലാം സ്വാർത്ഥപൂരണത്തിനുള്ള ഉപാധികളായേ അവനു കാണാൻ കഴിയൂ. മററു മനുഷ്യരുമായുള്ള സകല ബന്ധങ്ങളും തുലയ്ക്കുന്നതിനു് അപരിഹൃതമായ ഈ മനഃശാസ്ത്രമത്സരം വഴിവയ്ക്കുന്നു.

ബാഹ്യസമരം ആത്മസമരമായി പ്രതിഫലിച്ചു കഴിഞ്ഞപ്പോൾ ആത്മാവിന്റെ ഒരു ഭാഗം മററതിനെ 'പാപ'മെന്നു ലേബലടിച്ചു നശിപ്പിക്കാനുള്ള ശ്രമത്തി

ലായി. പക്ഷേ ബാഹ്യമത്സരങ്ങളിലേതുപോലെ ഈ ആഭ്യന്തര മത്സരത്തിൽ പൂർണ്ണവിജയം ആർക്കും സാധ്യമല്ലാതെവരുന്നു. അതുമൂലം ഓരോ തോൽവിയ്ക്കുശേഷവും 'പാപം' തലപൊക്കാനിടവരുന്നു. ആ നിലയ്ക്ക് അന്ത്യമില്ലാത്ത ഈ ആന്തരസമരം പതിവിനു വിപരീതമായി ബാഹ്യസമരത്തിനുള്ള ഏണിയായി ഭവിക്കുന്നു. തൻെറ അല്പഭാഗം മാത്രം പാപപങ്കിലമെന്നും ശത്രുവിൻെറ മുഴുവൻ ഭാഗവും പാപപൂർണ്ണമെന്നും കരുതുന്ന കുറെ ധർമ്മപ്രചാരകർ നമ്മുടെയിടയിലുണ്ട്. അങ്ങനെ സ്വന്തം ആത്മഭാവത്തിൽതന്നെ സ്വാസ്ഥതയ്ക്കു പ്രയാസം നേരിടുമ്പോൾ ആ മനസ്സു ബാഹ്യലോകവുമായി ഒരിക്കലും പൊരുത്തപ്പെടുകയില്ല. മനസ്വാസ്ഥതയില്ലായ്മ മൂലം യഥാർത്ഥസമരം തൻെറ ഉള്ളിൽ തന്നെയാണെന്നുള്ള വസ്തുത മററുള്ളവരിൽനിന്നു മറയ്ക്കാൻവേണ്ടി ബാഹ്യസമരം തുടൎന്നുകൊണ്ടേയിരിക്കുന്നു. പതിവുകാരാണു പലരും. അങ്ങനെ ഒരുവൻെറ മാനസികഘടകങ്ങൾ തമ്മിൽ ഉഗ്രപോരാട്ടം നടക്കുകകാരണം അവൻെറ ബാഹ്യപ്രവർത്തനങ്ങൾക്കും ചിന്തകൾക്കും ശുദ്ധിയില്ലാതെ വരികയും മററു മനുഷ്യരോടും പ്രകൃതിയോടുമുള്ള ബന്ധം രഞ്ജകമല്ലാതാകുകയും ചെയ്യുന്നു. ഈ വിധം ഒരു മനുഷ്യനു് അവനുമായിതന്നെയുള്ള മത്സരം മനുഷ്യബന്ധങ്ങളെയെല്ലാം പ്രതികൂലമാക്കുന്ന ഗൗരവസ്വഭാവമുള്ള ഒരു തകരാറാണെന്നു നാം ഓർമ്മിയ്ക്കേണ്ടതാണു്.

ഈ വിധത്തിലുള്ള മത്സരങ്ങളോരോന്നും രഞ്ജിപ്പിലവസാനിപ്പിക്കണം. പ്രകൃതിരഹസ്യങ്ങളറിഞ്ഞുവരുന്നതോടുകൂടി പ്രപഞ്ചവുമായുള്ള മനുഷ്യന്റെ മത്സരം മാറിയിട്ട് പരസ്പരം സഹകരണഭാവത്തിലായിക്കഴിഞ്ഞിട്ടുണ്ട്. മനുഷ്യനും മനുഷ്യനും തമ്മിലുള്ള മത്സരത്തിലും ഈ വ്യതിയാനം സംഭവിക്കേണ്ടിയിരിക്കുന്നു. അതിനു സഹായകമായി മനുഷ്യനു അവനുമായിതന്നെയുള്ള മത്സരത്തിനു പരിഹാരമുണ്ടാക്കുകയും അതുമൂലം ഉത്തമമായ മനുഷ്യബന്ധങ്ങൾ പുന:സ്ഥാപിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

# ജീവിത പൂർണ്ണിമയിൽ കായികാഭ്യാസത്തിനുള്ള പങ്ക്

ഒരു കാലിഡോസ്കോപ്പിലെ രൂപസംവിധാനങ്ങളിലെന്നപോലെ മനുഷ്യബന്ധങ്ങളിലും ജീവിത സമ്പ്രദായങ്ങളിലും ശീഘ്രഗതിയിലുള്ള പരിണാമങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. അണുയുഗത്തിൽ ജീവിക്കുന്ന മനുഷ്യന്റെ അന്തഃകരണം ഇന്നും പല അംശങ്ങളിലും ശിലായുഗത്തിൽ നിലകൊള്ളുന്നതേയുള്ളൂ. വിദ്യാലയങ്ങളിലെ കായികാഭ്യാസനത്തെ സംബന്ധിച്ചുള്ള ധാരണകളിലും പ്രതികൂലസ്പന്ദനങ്ങളാണ് കൂടുതലായി നമ്മുടെ അന്തർമണ്ഡലങ്ങളിലുണ്ടാവുന്നത്.

ഒരു തീവണ്ടി അതിന്റെ ലക്ഷ്യത്തിലെത്തുന്നതിന് എൻജിനും ആവിശക്തിയും പാളവും ആവശ്യമായിരിക്കുന്നതുപോലെ വ്യക്തിത്വത്തിന്റെ പൂർണ്ണമായ വികാസത്തിന് കായികവും മാനസികവും ആത്മീയവുമായ അഭ്യസനം കൂടിയേ കഴിയൂ. മനസ്സിന്റേയും, ബുദ്ധിയുടേയും വളർച്ചയ്ക്കും സംപുഷ്ടിയ്ക്കും ശാരീരികമായ കെല്പും ഭദ്രതയും പ്രധാന ഉപാധിയാണ്. അരോഗദൃഢമായ ശരീരമാണ് മനഃസ്വാസ്ഥതയ്ക്കും വികാ

രനിയന്ത്രണങ്ങൾക്കും സഹായിയെന്നുള്ളതു് തർക്കമററ വസ്തുതയാണു്. മനസ്സിൻെറ ഏകാഗ്രതയും ബുദ്ധിയുടെ കർമ്മക്ഷമതയും വിദ്യാഭ്യാസത്തിൻെറ പ്രധാന ഉന്നമായിരിക്കുമ്പോൾ അതിനു നിദാനീഭൂതമായ ആരോഗ്യപരിശീലനത്തിൻെറ പ്രാധാന്യം വിദ്യാലയത്തിലെത്രയെന്നു എടുത്തു പറയേണ്ടതായിട്ടില്ല.

കായികാഭ്യസനത്തിൽ കായികശേഷിയെന്നതുപോലെ അതിലുൾക്കൊള്ളുന്ന വിദ്യാഭ്യാസ മൂല്യങ്ങൾക്കും പ്രധാന്യം കല്പിക്കേണ്ടതാണു്. കായികപരിശീലനംമൂലം ചില പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ നേടിയെടുക്കേണ്ടതാണു്. മനോസന്നദ്ധതയും മന:സ്ഥൈര്യവും ഈ വിധത്തിൽ വളർത്തിയെടുക്കേണ്ട ഗുണങ്ങളാണു്. സഹിഷ്ണുതയും ടീം സ്പിരിററും കായികാഭ്യാസ പ്രവർത്തനങ്ങളിൽ കൂടി മാത്രം സമ്പാദിക്കുകയും ഊററംകൊള്ളുകയും ചെയ്യേണ്ട സജീവമൂല്യങ്ങളാണ്. നിയമങ്ങളനുസരിക്കുകയും അതു് മാനിക്കുകയും നേതൃത്വശീലം നേടുകയും ചെയ്യുന്നതിനുള്ള മിഴിവുററ മാർഗ്ഗങ്ങൾ തളംകെട്ടിക്കിടക്കുന്ന മറെറാരു രംഗവും കായിക മത്സരങ്ങളെപ്പോലെ വിദ്യാലയത്തിലില്ലതന്നെ. വിജയത്തേയും പരാജയത്തേയും സമതുലിതമായി ഗണിക്കുന്നതിനും അപകടകരമായ വിജയലഹരിയുണ്ടാകാതെയും ജീവിത തകർച്ചയ്ക്കു വളം വയ്ക്കുന്ന നിരാശാജന്യമായ പ്രവർത്തനപരാജയത്തിൻെറ ആക്കം കുറയ്ക്കുന്നതിനും കായികമത്സരങ്ങളിലെ സന്തതസഹചാരികളായ വിജയാപജയങ്ങളുടെ പരിചരണം സഹായകമാകുമെന്നുള്ളതു് വളരെ പ്രാധാന്യമുള്ള നേട്ടംതന്നെയാണു്.

KOTTAYAM PUBLIC LIBRARY
KOTTAYAM



ഈ വിധത്തിൽ ഒരു വ്യക്തിയുടെ പൂർണ്ണവികാസത്തിനു് ഇടനല്കുന്നതാണു് വിദ്യാലയത്തിലെ കായികാഭ്യസനങ്ങൾ. ഭിന്നരുചികളും താല്പര്യങ്ങളുമുള്ള വിവിധ വ്യക്തികൾ തമ്മിലുള്ള പെരുമാററം മൂലം സമൂഹജീവിതവിജയത്തിനുള്ള പരിശീലനങ്ങൾ നൽകുന്ന ഉത്തമസങ്കേതമാണു് കായികാഭ്യാസരംഗങ്ങൾ; അന്യർക്കു ഹൃദയക്ഷതങ്ങളുണ്ടാക്കുന്ന വ്യക്തിത്വത്തിന്റെ കൊണ്ടുകേറുന്ന മുനകളെ മിനുസപ്പെടുത്തുന്നതിനും പ്രയത്നശീലവും സ്ഥിരോത്സാഹവും വളർത്തുന്നതിനും കായികാഭ്യാസ പ്രവർത്തനങ്ങൾക്കു് അനുപമമായ സാധ്യതകളാണുള്ളതു്. ഇതിനൊക്കെ പ്രയോജനപ്പെടുന്നവിധത്തിൽ വിദ്യാലയത്തിലെ പാഠ്യേതര പ്രവർത്തനങ്ങൾക്കു രൂപപ്പെടുത്തണമെന്നേയുള്ളു. സമൂഹനന്മയ്ക്കുതകുന്ന ശീലങ്ങളാണു് ഏതു രംഗത്തും അഭ്യസിപ്പിക്കേണ്ടതു്. വിദ്യാലയം ജീവിതപരിശീലനത്തിനുള്ള അഭ്യസനശാലയാണുതാനും. അതിനാൽ ജീവിതപൂർണ്ണിമയ്ക്കും സമൂഹ സുസ്ഥിതിയ്ക്കും വളരെയേറെ സംഭാവനകൾ ചെയ്യുന്നതിനു് കായികാഭ്യാസത്തിനു് സുപ്രധാന പങ്കു് നിർവ്വഹിക്കാൻ കഴിയുമാറു് ആ വക പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ സജ്ജമാക്കേണ്ടതാണു്.

ഇന്നു രാജ്യമൊട്ടാകെ ശിക്ഷണത്തിന്റേയും ധാർമ്മിക മൂല്യങ്ങളുടേയും നിരവധി ശവകുടീരങ്ങൾ കാണാൻ കഴിയും. മര്യാദയും വിനയവും പമ്പകടന്നിരിക്കയാണു്. മുതിർന്നവരോടുള്ള ബഹുമാനവും, സംസാ

രത്തിലും പെരുമാററത്തിലും ഭവ്യതയും ഒന്നുംതന്നെ ഇന്നു് ഇല്ലാതായിരിക്കുന്നു. ചില അടിസ്ഥാന ജീവിത മൂല്യങ്ങൾക്കു ഇന്നു ഒരു സ്ഥാനവും ഇല്ലാതായിരിക്കുകയാണു്. പരിഷ്കൃത പെരുമാററസമ്പ്രദായങ്ങളിലുള്ള അന്തസ്സ പാലിക്കുന്നതിനും ഒരു ശ്രദ്ധയുമിന്നില്ല. ഗ്രൂപ്പുപ്രവർത്തനങ്ങൾ മുഖേന മാത്രം ശീലിക്കേണ്ട ചില ഗുണാംശങ്ങളാണു് ഈ വിധത്തിൽ നഷ്ടപ്പെടുന്നതു്.

അന്തസ്സും ആർജ്ജവവും ഉത്തമനായ ഒരു സ്പോർട്ട്സുമാൻെറ സന്തതസഹചാരികളാണു്. മററന്തിനേക്കാളും തികഞ്ഞസഹിഷ്ണുത അയാൾ പ്രകടിപ്പിക്കും. എല്ലാററിനും ഒരു സ്പോർട്ടസുമാൻ സ്പിരിററു പ്രദർശിപ്പിക്കാനുള്ള ശീലമാണു് കായികാഭ്യസനത്തിലും ഗ്രൂപ്പുപ്രവത്തനത്തിലും കൂടി ഒരാൾ നേടുന്നതു്. ജീവിതത്തിൻെറ എല്ലാ രംഗത്തും നമുക്കു മത്സരം നേരിടാനുണ്ടാവും. മത്സരത്തിൽ പങ്കെടുക്കുന്നവർ തികഞ്ഞ സമചിത്തതയും അനുസരണശീലവും പ്രകടിപ്പിച്ചില്ലെങ്കിൽ കലാപങ്ങളായിരിക്കും ഫലം. നമുക്കെതിരായുള്ള അഭിപ്രായം കേൾക്കാനുള്ള സഹിഷ്ണുതാബോധംപോലും പലർക്കും ഇല്ല. യാതൊരു കുറുക്കുവഴികളും വിജയത്തിനുവേണ്ടി സത്യസന്ധനും ഋജുബുദ്ധിയുമായ ഒരു സ്പോർട്ട്സുമാൻ കൈക്കൊള്ളുകയില്ല.

സ്പോർട്ട്സുമാൻ സ്പിരിററിൻെറ അഭാവം കൊണ്ടുള്ള കെടുതികൾ കക്ഷിരാഷ്ട്രീയത്തിൻെറ തിമിരം ബാധിച്ചവരുടെ പ്രവത്തനങ്ങളിൽ ധാരാളമായി കാണാൻ കഴിയും. രാഷ്ട്രീയച്ചൂതാട്ടത്തിലെ കരുക്കൾ നീ

ക്കമ്പോൾ എത്രയെത്ര നൈതികമൂല്യങ്ങളാണ് ചവുട്ടിയരയ്ക്കപ്പെടുന്നത്. സദാചാരത്തിനും സത്യത്തിനും തൃണത്തിന്റെ വിലപോലും അവർ കല്പിച്ചിട്ടില്ല. ലാഭമാണെന്നു കണ്ടാൽ പിതൃത്വംവരെ കൈമാറുന്ന സ്ഥിതിയാണുള്ളത്. എത്രയോ വ്യക്തിബന്ധങ്ങൾ തകരുകയും ധർമ്മനീതികളും ജീവിതമൂല്യങ്ങളും ചതച്ചരയ്ക്കപ്പെടുകയും ചെയ്യുന്നു. ആദർശപരമായ സംഘട്ടനങ്ങളിലും വാഗ്വാദങ്ങളിലും വ്യക്തികളുടെ കുറവുകളും സ്വകാര്യജീവിതത്തിലെ ഇരുണ്ടവശവും പൊക്കിപ്പിടിച്ച് അയാളെ തേജോവധം ചെയ്യുന്ന രീതി വെറും ഹീനമാർഗ്ഗങ്ങളാണ്. ഒരു സ്പോർട്ട്സ്മാന്റെ സത്യസന്ധതയും ആർജ്ജവബുദ്ധിയും പരിശ്രമശീലവും വാശിയും സഹിഷ്ണുതയും ഈ രംഗങ്ങളിലെല്ലാം നിർലോഭമുണ്ടാവുമെങ്കിൽ അത്ഭുതകരമായ പരിവർത്തനങ്ങൾ സമൂഹത്തിലുണ്ടാക്കാൻ കഴിയും.

ഏതായാലും കായിക വിദ്യാഭ്യാസം ശരീര ദൃഢതയ്ക്കു പുറമേ കെല്പ്, മാനസിക ഉണർവ്വ്, സഹനശക്തി, സംഘടിതമനോഭാവം, നേതൃത്വം, നിയമവിധേയത്വം, അത്യധികമായ വിജയാഹ്ലാദമില്ലായ്മ, തോൽവിയിൽ പതറായ്ക, ആർജ്ജവം എന്നീ ഗുണങ്ങൾ വ്യക്തിയിൽ വളർത്തുന്നതിനു് സഹായിക്കുന്നു. വികാസപരമായ അഭ്യാസങ്ങൾ, താളാനുഗതമായ പ്രവർത്തനങ്ങൾ, കളികൾ പര്യടന പ്രവർത്തനങ്ങൾ, സമൂഹപ്രവർത്തനങ്ങൾ, എന്നിവയെല്ലാം കായിക വിദ്യാ

ഭ്യാസത്തിൽ ഉൾപ്പെടും. ആരോഗ്യവും അച്ചടക്കവും, ജീവിതമൂല്യങ്ങളെപ്പററിയുള്ള ബോധവും, മനുഷ്യബന്ധങ്ങളെപ്പററിയുള്ള ശ്രദ്ധയും, സാമൂഹ്യ മര്യാദകളുമുള്ള ഒരു ജനസമൂഹത്തെ രൂപപ്പെടുത്തുന്നതിന് കായിക വിദ്യാഭ്യാസം പോലെയുള്ള പാഠ്യേതരമായ നിരവധി ഗൃഹ്യ പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ കർമ്മക്ഷമതയോടെ സംഘടിപ്പിച്ചു നടപ്പാക്കേണ്ടിയിരിക്കുന്നു.

# ഗോളാന്തര പരിഷ്കാരഗതി

സമീപകാലത്തുണ്ടായിട്ടുള്ള പരിഷ്കാരങ്ങൾ അത്ഭുതകരങ്ങളാണ്. ഗ്രഹാന്തരവാർത്താ വിനിമയ പ്രശ്നങ്ങൾ മുപ്പതുവർഷം മുമ്പ് വെറും സാങ്കല്പികങ്ങളും ഭാവനാ സന്തതികളും മാത്രമായിരുന്നു. ഇരുപതു വർഷത്തിനുമൻപ് അതു് വെറുമൊരു പഠനവിഷയമായിട്ടേ അറിഞ്ഞിരുന്നുള്ളു. ഇന്നാണെങ്കിൽ അതു് ഒരു പ്രായോഗിക വസ്തുതയായി തീന്നിരിയ്ക്കുയാണ്. ബാഹ്യാകാശ യുഗത്തിന്റെ ആവിർഭാവത്തോടുകൂടി ഈ പ്രശ്നത്തിന്റെ പ്രായോഗിക സ്വഭാവം വളരെ പ്രകടീഭവിച്ചിരിക്കുന്നു.

മനുഷ്യൻ പതിവുകാരനായ ഒരു ശൂന്യാകാശ യാത്രികനായി തീർന്ന സ്ഥിതിയ്ക്ക് വിവിധ സംസ്കാരങ്ങളുമായുള്ള നിത്യസമ്പർക്കത്തിനു് സമീപ ഭാവിതന്നെ സാക്ഷ്യം വഹിക്കുമെന്ന വിശ്വാസം ബലപ്പെട്ടിട്ടുണ്ടു്. വെറും സാങ്കൽപികങ്ങളും ഭാവനാസൃഷ്ടങ്ങളുമായ പല പ്രശ്നങ്ങളും അതിശക്തമായ സയൻസിന്റെ പരിലാളനമേററ് വാസ്തവീകമായി തീന്നിരിക്കയാണ്.

ഏതാണ്ട ഇരുപത്തു വർഷത്തിന മുൻപ് ബഹിരാകാശത്ത് സൈന്യവിന്യാസം കർശനമായി നിരോധിക്കുന്ന ഉടമ്പടിയെപ്പററിയുള്ള ഗൗരവതരമായ ഒരു ചർച്ചയ്ക്ക് ശാസ്ത്രപരമായ വല്ല കാല്പനിക നോവലുക ളിൽ മാത്രമേ സ്ഥാനമുണ്ടായിരുന്നുള്ളു. പക്ഷേ, ഇന്നതല്ല സ്ഥിതി. ബാഹ്യാകാശത്തെ പരിഷ്ക്കാരസമ്പ്രദായങ്ങളെപ്പററി അന്താരാഷ്ട്ര ലവലിൽതന്നെ ഗൗരവപൂർവ്വമായ ചർച്ച നടത്തുന്നതിന് ഇപ്പോഴം സമയമായിരിക്കുന്നു എന്നു വന്നിരിക്കയാണ്. അപ്പോഴം മാത്രമേ നമ്മെക്കാഠം മികച്ചതോ തീയ്യതോ ആയ പുരോഗതിയിലാണ് ഗോളാന്തര സംസ്കാരവും പരിഷ്കാരവുമെന്ന് അറിയാൻ സാധിക്കു. നമ്മെക്കാഠം മോശമായ ജീവികളുമായിട്ടാണ് ഗോളാന്തരങ്ങളിൽ നാം ബന്ധപ്പെടാൻ പോകുന്നതെന്നു വിചാരിക്കാനുള്ള ന്യായങ്ങളല്ല ഇന്നുള്ളത്. നേരേമറിച്ച് ബാഹ്യാകാശത്തു ഉന്നത നിലവാരമുള്ള പരിഷ്കാരസമ്പ്രദായങ്ങളെ നമുക്ക് നേരിടേണ്ടതിനുള്ള സാധ്യതയാണ് തെളിഞ്ഞു കാണുന്നത്.

ബഹിരാകാശവാസികഠംക്ക് നമ്മോടുള്ള മനോഭാവം എന്തെന്നനുമാനിക്കുന്നത് കൗതുകകരമാണ്. നമ്മോടുള്ള താല്പര്യവും അടുപ്പവും പ്രദർശിപ്പിച്ച് നമ്മേപ്പററി കൂടുതൽ അറിയുവാനുള്ള പ്രവണത അവരുടെ ഭാഗത്തുണ്ടായെന്നുവരാം. ശാസ്ത്രീയവും സാങ്കേതികവും കലാപരവുമായ പല നൂതനാശയങ്ങളും അവർ നമ്മെ അറിയിക്കാനുണ്ടാവും. അതുപോലെതന്നെ

നമ്മുടെ പല അപകടകരമായ വീഴ്ചകൾക്കെതിരെ അവർ വിരൽചൂണ്ടിയെന്നുവരും. പ്രത്യേകിച്ച്, ഭാവിയുടെ ആത്മഭാവമായ ശാസ്ത്രാവബോധ പന്ഥാവിൽനിന്നുമുള്ള നമ്മുടെ ഒളിച്ചോട്ടത്തെ അവർ ഭത്സിക്കുന്നുണ്ടാവും.

പക്ഷേ മററുള്ളവരുടെ തെററിൽനിന്നു പാഠം പഠിക്കുന്നവരായി എത്രപേരുണ്ടാവും! എത്രകണ്ടു പാഠം പഠിക്കും! വാസ്തവത്തിൽ നമ്മുടെതന്നെ മാനവചരിത്രത്തിൽനിന്നുപോലും നാം വേണ്ടതൊന്നും പാഠമാക്കുന്നില്ലല്ലോ. പിന്നെ മറെറാന്നുള്ളതു് മുള്ളില്ലാത്ത റോസ റോസയേയല്ലെന്നുള്ളതാണതു്. അങ്ങനെയുള്ള ലംഘ്യതരമായ പുരോഗമന മാർഗ്ഗങ്ങൾ ജീവിതത്തിലും, വിജ്ഞാനത്തിലും, കലയിലും നമുക്കുള്ള താല്പര്യം നിഹനിക്കുന്നതിനു പ്രേരകമാവില്ലേ?

മറെറാരു സാധ്യതയുള്ളതു്, നമ്മോടു പ്രത്യേക താല്പര്യമൊന്നും പ്രദർശിപ്പിക്കാതെ തന്നെ നമ്മോടു രഞ്ജകമനോഭാവമുണ്ടായിയെന്നുവരാം. അവരുടെ അതൈവദേശീകസംസ്കാരം നമ്മോടു നന്മ ഭാവിക്കുകതന്നെ ചെയ്യും. നാം അവർക്കു കൗതുകകരമല്ലെങ്കിൽ കൂടി ആഗോളാന്തര നാഗരികത്വം നമ്മുടേതിനെക്കാൾ വളരെ ദൂരം മുന്നേറിയതാണെന്നുവന്നാലോ? നാമൊക്കെ എറുമ്പിനെ വീക്ഷിക്കുന്നമാതിരി അതു നമ്മെ വീക്ഷിച്ചെന്നു വരും. എറുമ്പിനു് എന്തുൽക്കർഷം വരുത്താൻ നമ്മെക്കൊണ്ടുസാധിക്കും! നാമതിനെ ഗണിക്കാറുണ്ടോ?

മൂന്നാമതൊരു സാധ്യതയുള്ളതു് നമ്മെപ്പററിയൊന്നും ഗ്രഹിക്കാതെയും നമ്മോടു ധാരണയൊന്നുമി

ല്ലാതെയും വെറുമൊരു താല്പര്യം പുലർത്തുകയെന്നുള്ളതാണ്. നമ്മോടു വെറുമൊരു പ്രായോഗിക താല്പര്യംമാത്രം, വെറും ഉദരപരായണതാഭാവം മാത്രമായിരിക്കും ഉണ്ടായിരിക്കുക.

നമ്മുടെ വിജ്ഞാനം വികസിപ്പിക്കുന്നതിന് നമ്മുടെ അലംഭാവം പാടേ മാറേറണ്ടിയിരിക്കുന്നു. അതുപോലെ ജീവിതത്തെയാകെ തഴുകിയിരിക്കുന്ന ഭീതി നിർമ്മാർജ്ജനം ചെയ്യേണ്ടതാവശ്യമാണ്. എന്തിനെ നാം ഭയപ്പെടുന്നുവെന്നറിയുന്നില്ല. ഭയം നിഴലുപോലെ നിൽക്കുകയാണ്. ഭൂലോകസ്ഥേതരമായ ഒരു നാഗരികതയ്ക്കു് നമ്മെ സ്ഥാനനിർണ്ണയം ചെയ്യാനുള്ള സാങ്കേതികനൈപുണിയുണ്ടായാൽ നമുക്കെങ്ങും തന്നെ ഒളിക്കാൻ ഇടമുണ്ടാവില്ല. വിവിധതരം പരിണാമഘട്ടങ്ങളുള്ളതിൽ നമ്മുടേതാണ് അവസാനത്തേതു് എന്നു വിചാരിക്കാൻ ന്യായം കാണുന്നില്ല. പല പടവുകളും ഇനിയും ചവിട്ടിക്കയറേണ്ടതായി വരുമെന്നുള്ളതിനു സംശയമില്ല. വിജ്ഞാനമേഖലകളിൽനിന്നും ഒളിച്ചോടിയിട്ടുകാര്യമില്ല. ജീവസംബന്ധമായ ചരിത്രത്തിലും വികാസത്തിലും പുരോഗതിയിലും കൂടി മനുഷ്യവംശത്തിന് വളരെയേറെ കടന്നു പോകേണ്ടിയിരിക്കുന്നുവെന്നുള്ളതു് നമുക്കു മനസ്സിലാവാൻ പോവുന്നതേയുള്ളു. മനുഷ്യവംശം വളരെയേറെ പരിണാമവിധേയമാണെന്നു ഇതു തർക്കമററ സംഗതിയാണ്.

KOTTAYAM PUBLIC LIBRARY
KOTTAYAM.
Cl. No. M500 Acc. No. 48521
This book should be returned on or before the date last stamped below.

17 JAN 1972
19 JUL 1974
13 APR 1981
28 SEP 1984
22 OCT 1985
9 JUL 1990
24 NOV 2006

MS00 4852I.

372 - 5.

ശ്രീധരൻ നായർ കവിതകൾ.

ഹാസ്യത്തിന്റെ കുളമ്പടികൾ.